
VOL NO: 06 I ISSUE 39
www.nerpatham.com
mail@nerpatham.com
2022 SEPTEMBER 24 I ₹10

# നേർപഥം

വാരിക

## മാനവികതയുടെ മതം


ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നായ അഞ്ചു നേരത്തെ നിർബന്ധ നമസ്‌കാരം അതിശ്രേഷ്ഠമായ ഒരു ആരാധനയാണ്. സ്രഷ്ടാവും മനുഷ്യനും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന ഈ കർമം അശ്രദ്ധമായ ആചാര നിർവഹണമായിരിക്കരുത്. നമസ്‌കാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളിലേക്കും അത് നൽകുന്ന ഇഹപര നേട്ടങ്ങളിലേക്കും ഒരെത്തി നോട്ടം.



# നമസ്‌കാരം; ജീവിത ശുദ്ധീകരണത്തിന്റെ ഉദാത്ത മാർഗം

|| അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ
|| ഫിത്‌നയും മുസ്‌ലിംകളുടെ നിലപാടും
|| മഹാന്മാരുടെ മക്ബ്ബറകൾ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന പുണ്യസ്ഥലങ്ങളോ?

# പുറത്തിറങ്ങി...




WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0296

# നേർപഥം

വാരിക

2022 സെപ്തംബർ 24

1444 സ്വഫർ 27

പുസ്തകം 06 / ലക്കം 39






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10

**നമസ്കാരം;**
**ജീവിത ശുദ്ധീകരണത്തിന്റെ ഉദാത്ത മാർഗം**
ഉസ്മാൻ പാലക്കാഴി





05
മുഖമൊഴി
മാനവികതയുടെ മതം

06
ലേഖനം
മഹാന്മാരുടെ മക്ബറകൾ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന പുണ്യസ്ഥലങ്ങളോ?
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

18
വനിതാപഥം
സഹോദരിമാരോട്
സമീർ മുണ്ടേരി

22
ആരോഗ്യപഥം
മാനസിക വിമന്ദനം
ഡോ. മുനവ്വർ

24
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

26
ലേഖനം
ഫിത്‌നയും മുസ്‌ലിംകളുടെ നിലപാടും
ശൈഖ്സ്വാലിഹ് ആലുശൈഖ്
വിവ: സിയാദ് കണ്ണൂർ

32
മധുരം ജീവിതം
മാർഗദർശനം
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

33
ലേഖനം
അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ
ശമീർ മദീനി

34
ജാലകം
നാവിനെ സൂക്ഷിക്കുക
മുജാഹിദ് ബാലുശ്ശേരി

# കേരള അധ്യാപക സമ്മേളനം സമാപിച്ചു

തിരൂർ: വിദ്യാഭ്യാസത്തിന്റെ ഉപകരണങ്ങളായ പാഠ്യപദ്ധതി, ബോധനരീതികൾ, പരീക്ഷസമ്പ്രദായം എന്നിവയിലൂടെ ഭരണകൂട താൽപര്യങ്ങൾ അടിച്ചേൽപിക്കുന്നത് ജനാധിപത്യാവകാശ നിഷേധമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി തിരൂരിൽ സംഘടിപ്പിച്ച കേരള അധ്യാപക സമ്മേളനം അഭിപ്രായപ്പെട്ടു. ലഹരിമുക്ത സമൂഹസൃഷ്ടിപ്പിനായി ലഹരി നിർമാർജനം മുഖ്യ അജണ്ടയാക്കി പാഠ്യപദ്ധതികൾ പരിഷ്കരിക്കണം.

സമൂഹത്തിന്റെ സദാചാര ബോധത്തെ ചോദ്യം ചെയ്യുന്നവിധം സ്വവർഗ വിവാഹങ്ങൾക്കും സ്വതന്ത്ര ലൈംഗിക ചിന്തകൾക്കും പ്രോത്സാഹനം നൽകുന്ന പരിഷ്കാരങ്ങളിൽ നിന്നും വിദ്യാഭ്യാസ വകുപ്പ് പിൻമാറണം. രാഷ്ട്രപിതാവിന്റെ ഘാതകരടക്കമുള്ള വർഗീയ നേതാക്കന്മാരുടെ ചരിത്രത്തെ മഹത്ത്വവൽക്കരിച്ച് പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്താനുള്ള നീക്കം അപലപനീയമാണ് എന്നും സമ്മേളനം പ്രസ്താവിച്ചു. ഇ.ടി മുഹമ്മദ് ബഷീർ എം.പി സമ്മേളനം ഉദ്ഘാടനം ചെയ്തു. മനുഷ്യവിഭവശേഷിയുടെ വികസനമായി വിദ്യാഭ്യാസത്തെ കാണാൻ കഴിയുമ്പോഴാണ് വിദ്യാഭ്യാസം അർഥപൂർണമാകുന്നതെന്നും വളരുന്ന സാങ്കേതിക വിദ്യകൾക്ക് ഒപ്പം നിൽക്കാൻ അധ്യാപക സമുഹത്തിന് സാധിക്കണമെന്നും ഇ.ടി പറഞ്ഞു.

വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി താജുദ്ദീൻ സ്വലാഹി അധ്യക്ഷനായി. കുറുക്കോളി മൊയ്തീൻ എം. എൽ.എ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, എസ്.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി എം. അഹമ്മദ് മാസ്റ്റർ, കെ.എ.ടി.എഫ് സംസ്ഥാന സെക്രട്ടറി എം. മൻസൂർ മാസ്റ്റർ മാടമ്പാട്ട്, വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, ഹാരിസ് മദനി കായക്കൊടി, ഡോ.അബ്ദുല്ല ഫാസിൽ, ഡോ. ജൗഹർ മുനവ്വർ, സി. മുഹമ്മദ് അജ്മൽ, സിയാദ് തിരൂരങ്ങാടി, പ്രൊഫസർ ഹാരിസ് ബിൻ സലീം, അർഷദ് താനൂർ, മുജീബ് മദനി ഒട്ടുമ്മൽ, ടി.കെ നിഷാദ് സലഫി, ഒ. മുഹമ്മദ് അൻവർ മാസ്റ്റർ, നാസിർ ബാലുശ്ശേരി പ്രസംഗിച്ചു. ■

# വിസ്ഡം മദ്റസ റിസോഴ്സ് പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു

കോഴിക്കോട്: ധർമനിരാസത്തിലധിഷ്ഠിതമായ സമൂഹത്തെ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ആസൂത്രിതമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ അധ്യാപകരുടെ ഉത്തരവാദിത്തം വർധിച്ചിട്ടുണ്ടെന്ന് കോഴിക്കോട് നടന്ന, മദ്റസാധ്യാപക പരിശീലനത്തിന് മുന്നോടിയായുള്ള റിസോഴ്സ് പരിശീലന ക്യാമ്പ് അഭിപ്രായപ്പെട്ടു. നവതലമുറയെ ലക്ഷ്യബോധത്തോടെ മുന്നോട്ടു നയിക്കേണ്ടത് അധ്യാപകരുടെ ബാധ്യതയാണ്. കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട്, ശാസ്ത്രീയ സമീപനം സ്വീകരിച്ച് ക്രിയാത്മകമായ ചുവടുകൾ വെക്കുന്നവർക്കെ മികച്ച അധ്യാപകനാകാൻ സാധിക്കുകയുള്ളൂ. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിശീലന ക്യാമ്പ് സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം എഡ്യുക്കേഷണൽ ബോർഡ് ചെയർമാൻ അബ്ദുല്ലത്വീഫ് സുല്ലമി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ട്രഷറർ നാസിർ ബാലുശ്ശേരി, അബ്ദുറഹ്മാൻ അൻസാരി, ശുഐബ് സുല്ലമി, മുജീബുല്ല അൻസാരി, റഷീദ് കുട്ടമ്പൂർ, ശബീബ് സ്വലാഹി, മുസ്തഫ മദനി, ഹംസ ശാക്കിർ അൽഹികമി എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. ■

# മാനവികതയുടെ മതം

ഇസ്‌ലാം മനുഷ്യത്വത്തിന് ഊന്നൽ നൽകുന്ന മതമാണ്. അതിന്റെ നിയമങ്ങളും നിർദേശങ്ങളും പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. സമൂഹത്തിൽനിന്നും അകന്ന്, പ്രത്യേക വേഷഭൂഷാദികൾ സ്വീകരിച്ച്, ശാരീരികമായ ശുദ്ധിയിൽ ശ്രദ്ധിക്കാതെ, എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് അലഞ്ഞുതിരിഞ്ഞു നടന്ന് ദൈവത്തിന്റെ സാമീപ്യം നേടാമെന്ന തലതിരിഞ്ഞ ചിന്താഗതി ഇസ്‌ലാം പഠിപ്പിക്കുന്നില്ല. നമസ്‌കാരം, നോമ്പ്, സ്തുതികീർത്തനങ്ങൾ തുടങ്ങിയവയല്ലാം മഹത്തായ പുണ്യകർമങ്ങളാണ്. എന്നാൽ അത്തരത്തിലുള്ള കർമങ്ങൾ മാത്രം ചെയ്തുകൊണ്ടും സഹജീവികളെക്കുറിച്ചു ചിന്തിക്കാതെയും അവരുടെ പ്രയാസങ്ങളിൽ സഹായഹസ്തം നീട്ടുവാൻ ശ്രമിക്കാതെയും കഴിയണമെന്നല്ല ഇസ്‌ലാം പഠിപ്പിക്കുന്നത്. നന്മയായ എന്തും സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് ചെയ്യുന്നത് അവനുള്ള ആരാധനയാണ്.

മനുഷ്യന് മനുഷ്യരോട് ചില കടമകളും കടപ്പാടുകളുമുണ്ട്. അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "സൂര്യൻ ഉദിക്കുന്ന ഓരോ ദിവസവും മനുഷ്യരുടെ എല്ലാ സന്ധികൾക്കും ഓരോ ധർമമുണ്ട്. രണ്ടാളുകൾ തമ്മിലുള്ള ഒരു പ്രശ്‌നത്തിൽ നീതി പാലിക്കുന്നത് ധർമമാകുന്നു. ഒരാളെ അയാളുടെ സവാരിമൃഗത്തിന്റെ കാര്യത്തിൽ സഹായിക്കുന്നത് ധർമമാകുന്നു. അയാളെ അതിന്മേൽ കയറ്റിക്കൊടുക്കുകയോ അയാളുടെ ചരക്കുകൾ അതിന്റെ പുറത്ത് പൊക്കിവച്ചുകൊടുക്കുകയോ ചെയ്യുന്നത് ധർമാകുന്നു. നല്ല വാക്ക് ധർമമാകുന്നു. നീ നമസ്‌കരിക്കുവാനായി നടന്നുപോകുന്ന ഓരോ കാൽവയ്പിലും ധർമമുണ്ട്. വഴിയിൽനിന്ന് നീ ഉപദ്രവം നീക്കം ചെയ്യുന്നതും ധർമമാകുന്നു" (ബുഖാരി, മുസ്‌ലിം).

അല്ലാഹു നൽകിയ അളവറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് ഏതൊരു മനുഷ്യനും ഭൂലോകത്ത് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ തനിക്ക് നൽകപ്പെട്ട സമ്പത്ത്, ആരോഗ്യം, അറിവ് തുടങ്ങിയ പല അനുഗ്രഹങ്ങൾകൊണ്ടും മറ്റുള്ളവരെ സഹായിക്കൽ സത്യവിശ്വാസിയുടെ ബാധ്യതയാണ്. ജാതിയുടെയും മതത്തിന്റെയും വർണത്തിന്റെയും വർഗത്തിന്റെയും ഭാഷയുടെയും മതിൽക്കെട്ടുകൾ ഭേദിക്കുന്നതാണ് ഇസ്‌ലാമിന്റെ ധാർമികചിന്തകൾ. വഴിയിൽനിന്നും ഉപദ്രവങ്ങൾ നീക്കം ചെയ്യണമെന്ന് നബി(സ്വ) പഠിപ്പിച്ചപ്പോൾ അത് 'മുസ്‌ലിംകൾ മാത്രം നടക്കുന്ന വഴിയാണെങ്കിൽ' എന്ന നിബന്ധന വച്ചിട്ടില്ല. 'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറച്ച് ആഹരിക്കുന്നവൻ എന്നിൽ പെട്ടവനല്ല' എന്ന് നബി(സ്വ) പറഞ്ഞപ്പോൾ 'മുസ്‌ലിമായ അയൽവാസി' എന്ന് പറഞ്ഞിട്ടില്ല. അളുകൾക്കിടയിലെ തർക്കങ്ങളിൽ നീതിപൂർവം വിധികൽപിക്കണമെന്ന അധ്യാപനത്തിൽ സ്വന്തക്കാരനെന്നോ അന്യനെന്നോ നോക്കി, സത്യം അവരുടെ പക്ഷത്തല്ലെങ്കിലും ആണെന്നു വരുത്തി അവർക്ക് അനുകൂലമായി വിധികൽപിക്കാൻ പറഞ്ഞിട്ടില്ല. സ്വന്തക്കാർക്കെതിരാണെങ്കിലും നീതിയുടെ പക്ഷത്ത് നിലകൊള്ളണമെന്ന് വ്യക്തമായി നിർദേശിക്കുകയും ചെയ്യുന്നു. നല്ല വാക്ക് പറയുക എന്നതും ധർമമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അവിടെയും വിവേചനം കാണിക്കാൻ പറയുന്നില്ല.

ഒരാൾ യഥാർഥ മുസ്‌ലിമാണെങ്കിൽ അവന്റെ വായിൽനിന്ന് അന്യർക്ക് അരോചകത്വവും വ്യസനമുണ്ടാക്കുന്നതുമായ വാക്കുകൾ പുറത്തുവരില്ല. ഇതുപോലെ ഓരോ വ്യക്തിക്കും ദിനേന പലവിധത്തിൽ മറ്റുള്ളവരെ സഹായിക്കാൻ കഴിയും. ചുമട് തലയിലേറ്റാനോ വാഹനത്തിൽ കയറ്റാനോ സഹായിക്കുന്നതു പോലും ധർമമായി ഇസ്‌ലാം പഠിപ്പിക്കുന്നു. ആത്മാർഥമായും പ്രതിഫലേച്ഛയോടെയും എത്ര ചെറിയ നന്മ ചെയ്താലും നാളെ പരലോകത്ത് അതിന്റെ പ്രതിഫലം ലഭിക്കുമെന്ന കാര്യം വിശ്വാസികൾ വിസ്മരിച്ചുകൂടാ. ■



# മഹാന്മാരുടെ മക്വ്ബറകൾ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന പുണ്യസ്ഥലങ്ങളോ?

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

: +971 55 805 4312

മഹാന്മാരുടെ ക്വബ്‌റുകൾ പ്രാർഥനയ്ക്ക് ഉത്തരം നൽകപ്പെടുന്ന പുണ്യസ്ഥലങ്ങളാണെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ടോ?


ഇസ്‌ലാമിക പ്രമാണങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ പ്രാർഥനക്ക് ഉത്തരം നൽകപ്പെടുന്ന പ്രത്യേക സ്ഥലങ്ങളായി മഹാൻമാരുടെ ക്വബ്‌റുകൾ പരിചയപ്പെടുത്തപ്പെട്ടതായി നമുക്ക് കാണുക സാധ്യമല്ല. സുജൂദിന്റെ സമയം, തശഹ്ഹുദിന്റെ ഇരുത്തം, നമസ്‌കാര ശേഷം, രാത്രിയുടെ അവസാന യാമം; അറഫ, മുസ്ദലിഫ, ജംറകൾ, സ്വഫ, മർവ തുടങ്ങിയ ഹജ്ജുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ, വെള്ളിയാഴ്ചയിലെ പ്രത്യേക സമയം തുടങ്ങി സ്വഹീഹായി സ്ഥിരപ്പെട്ടുവന്ന ഹദീസുകൾ പഠിപ്പിക്കുന്ന; പ്രാർഥനക്ക് ഉത്തരം നൽകപ്പെടുന്ന സന്ദർഭങ്ങളും സ്ഥലങ്ങളുമുണ്ട്. എന്നാൽ മഹാന്മാരുടെ ക്വബ്‌റിടങ്ങൾ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന സ്ഥലങ്ങളാണെന്ന് നബി(സ്വ) പറഞ്ഞതായ ഒരൊറ്റ ഹദീസും നമുക്ക് സ്വഹീഹായ നിലയ്ക്ക് കാണുക സാധ്യമല്ല.

ദിക്‌റുകളുടെയും ദുആകളുടെയും മഹത്ത്വവും മര്യാദകളും വിശദീകരിക്കുന്ന ഒരൊറ്റ ഗ്രന്ഥത്തിലും മഹാന്മാരുടെ ക്വബ്‌റിടങ്ങളെ പ്രാർഥനക്കു വേണ്ടി തിരഞ്ഞെടുക്കണമെന്ന് പറയുന്ന ഹദീസുക

ളോ സ്വഹാബത്തിന്റെ വാക്കുകളോ കാണാൻ സാധിക്കുകയില്ല. പ്രതിഫലാർഹമായ കാര്യങ്ങളാകട്ടെ, പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന സന്ദർഭങ്ങളാവട്ടെ; അതെല്ലാം വഹ്‌യിലൂടെയല്ലാതെ സ്ഥിരപ്പെടുകയില്ല. അതുകൊണ്ട് തന്നെ മഹാന്മാരുടെ ക്വബ്റിടങ്ങൾ പ്രാർഥനക്ക് ഉത്തരം കിട്ടുന്ന സ്ഥലങ്ങളാണെന്ന് പറയാൻ യാതൊരു ന്യായവും കാണുന്നില്ല.

പ്രാർഥിക്കുന്ന വ്യക്തിയുടെ അവസ്ഥയനുസരിച്ച് പ്രാർഥനക്ക് ഉത്തരം കിട്ടുമെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. അക്രമിക്കപ്പെട്ടവന്റെയും നോമ്പുകാരന്റെയും യാത്രക്കാരന്റെയും മാതാപിതാക്കളുടെയും ഭരണാധികാരിയുടെയും അങ്ങേയറ്റം വിഷമസന്ധിയിൽ അകപ്പെട്ടവന്റെയും യാത്രക്കാരന്റെയും പ്രാർഥന ഇതിൽ പെടുന്നു. എന്നാൽ 'മഹാൻമാരുടെ ക്വബ്റിന്റെ അടുക്കൽ നിൽക്കുന്നവന്റെ' എന്ന ഒരു പരാമർശം സ്വഹീഹായ ഹദീസുകളിൽ എവിടെയും കാണുക സാധ്യമല്ല. 'പ്രാർഥനക്ക് കൂടുതൽ ഉത്തരം ലഭിക്കാൻ ആഗ്രഹിക്കുന്നവർ മഹാന്മാരുടെ ക്വബ്റുകൾ തേടി പോകട്ടെ' എന്ന് നബി(സ്വ) അനുചരന്മാരോട് കൽപിച്ചിട്ടില്ല. സ്വഹാബികളിൽ ആരുംതന്നെ താബിഈങ്ങളെ നബി (സ്വ)യുടെ ക്വബ്റിനടുക്കലേക്കോ, നബി (സ്വ)ക്ക് ശേഷം ഏറ്റവും ശ്രേഷ്ഠത നിറഞ്ഞ വ്യക്തിത്വങ്ങളായ ഖുലഫാഉർറാഷിദീങ്ങൾ, ബദ്‌രീങ്ങൾ, ഉഹ്ദീങ്ങൾ, മുഹാജിറുകൾ, അൻസ്വാറുകൾ എന്നിവരുടെ ക്വബ്റുകളുടെ മഹത്ത്വം പറഞ്ഞ് അവിടങ്ങളിലേക്കോ യാത്ര ചെയ്യാൻ പ്രേരിപ്പിച്ചിട്ടില്ല.

ചുരുക്കത്തിൽ, പ്രാർഥനക്ക് ഉത്തരം ലഭിക്കാം എന്ന ലക്ഷ്യത്തോടെ നബിമാരുടെയും മറ്റു മഹാന്മാരുടെയും ക്വബ്റുകൾ തേടി പോകുന്നതിനോ, സിയാറത്ത് ടൂർ സംഘടിപ്പിക്കുന്നതിനോ യാതൊരു അടിസ്ഥാന പ്രമാണവുമില്ല. എന്നുമാത്രമല്ല അപ്രകാരം പ്രത്യേകം തവസ്സുൽ പ്രതീക്ഷിച്ചുകൊണ്ട് യാതൊരാളുടെ ക്വബ്റിനടുക്കലേക്കും പോകരുത് എന്ന കൽപനയാണ് പ്രമാണങ്ങളിൽ കാണാൻ സാധിക്കുന്നത്. ഒരു ഹദീസ് കാണുക:



**ഇസ്‌ലാമിക പ്രമാണങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ പ്രാർഥനക്ക് ഉത്തരം നൽകപ്പെടുന്ന പ്രത്യേക സ്ഥലങ്ങളായി മഹാൻമാരുടെ ക്വബ്റുകൾ പരിചയപ്പെടുത്തപ്പെട്ടതായി നമുക്ക് കാണുക സാധ്യമല്ല. സുജൂദിന്റെ സമയം, തശഹ്ഹുദിന്റെ ഇരുത്തം, നമസ്‌കാര ശേഷം, രാത്രിയുടെ അവസാന യാമം; അറഫ, മുസ്ദലിഫ, ജംറകൾ, സ്വഫ, മർവ തുടങ്ങിയ ഹജ്ജുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ, വെള്ളിയാഴ്ചയിലെ പ്രത്യേക സമയം തുടങ്ങി സ്വഹീഹായി സ്ഥിരപ്പെട്ടുവന്ന ഹദീസുകൾ പഠിപ്പിക്കുന്ന; പ്രാർഥനക്ക് ഉത്തരം നൽകപ്പെടുന്ന സന്ദർഭങ്ങളും സ്ഥലങ്ങളുമുണ്ട്. എന്നാൽ മഹാന്മാരുടെ ക്വബ്റിടങ്ങൾ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന സ്ഥലങ്ങളാണെന്ന് നബി(സ്വ) പറഞ്ഞതായ ഒരൊറ്റ ഹദീസും നമുക്ക് സ്വഹീഹായ നിലയ്ക്ക് കാണുക സാധ്യമല്ല.**

അലിയ്യുബ്നു ഹുസൈൻ(റ) നിവേദനം: നബിയുടെ ക്വബ്റിനടുക്കൽ ഉണ്ടായിരുന്ന ഒരു ഒഴിഞ്ഞ സ്ഥലത്ത് വന്നു നിന്നുകൊണ്ട് ഒരു വ്യക്തി പ്രാർഥിക്കുന്നത് അദ്ദേഹം കാണുകയുണ്ടായി. അപ്പോൾ ആ വ്യക്തിയെ വിളിച്ചുകൊണ്ട് അലിയ്യുബ്നു ഹുസൈൻ (റ) പറഞ്ഞു: 'നബി(സ്വ)യിൽ നിന്നും എന്റെ പിതാവ് എനിക്ക് പറഞ്ഞു തന്ന ഒരു ഹദീസ് ഞാൻ താങ്കൾക്ക് പറഞ്ഞു തരട്ടെയോ? നബി(സ്വ) പറഞ്ഞു: 'എന്റെ ക്വബ്റിനെ നിങ്ങൾ ഇടയ്ക്കിടെ സന്ദർശിക്കുന്ന (ആഘോഷ) സ്ഥലമാക്കരുത്. നിങ്ങളുടെ വീടുകളെ ക്വബ്റുകളും ആക്കരുത്. നിങ്ങൾ എന്റെ മേൽ സ്വലാത്ത് ചൊല്ലുക. നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തിക്കപ്പെടും" (മുസ്വന്നഫു ഇബ്നി അബീശൈബ).

നോക്കൂ! നബി(സ്വ)യെക്കാൾ മഹത്ത്വമേറിയ ആരാണ് ലോകത്തുള്ളത്? മഹത്തുക്കളുടെ ക്വബ്റിനരികിൽ വെച്ചുള്ള പ്രാർഥന കൂടുതൽ ഉത്തരം നൽകപ്പെടുന്നതായിരുന്നെങ്കിൽ മഹാനായ അലിയ്യുബ്നു ഹുസൈൻ(റ) ആ വ്യക്തിയെ തടയുമായിരു



**നോക്കൂ! നബി(സ്വ)യെക്കാൾ മഹത്ത്വമേറിയ ആരാണ് ലോകത്തുള്ളത്? മഹത്തുക്കളുടെ ക്വബ്റിനരികിൽ വെച്ചുള്ള പ്രാർഥന കൂടുതൽ ഉത്തരം നൽകപ്പെടുന്നതായിരുന്നെങ്കിൽ മഹാനായ അലിയ്യുബ്നു ഹുസൈൻ(റ) ആ വ്യക്തിയെ തടയുമായിരുന്നില്ല. മറിച്ച് നബി(സ്വ)യിൽനിന്ന് നേരെ വിപരീതമായ നിർദേശമാണ് വന്നിട്ടുള്ളത് എന്നാണ് അദ്ദേഹം പഠിപ്പിച്ചുകൊടുക്കുന്നത്. 'എന്റെ ക്വബ്റിനെ ആഘോഷസ്ഥലമാക്കരുത്' എന്ന പ്രവാചക വചനത്തെ സ്വഹാബികളും താബിഉകളും മനസ്സിലാക്കിയത് പ്രാർഥനയ്ക്ക് ഉത്തരം പ്രതീക്ഷിച്ചുകൊണ്ടോ ബറകത്ത് പ്രതീക്ഷിച്ചു കൊണ്ടോ അങ്ങോട്ടുള്ള പോക്ക് പാടില്ല എന്ന അർഥത്തിലാണ്. നബി(സ്വ)യുടെ പ്രാർഥനയുടെ ബറകത്ത് എത്രമാത്രം വലുതാണ്! മരണശേഷം പ്രവാചകന്റെ ക്വബ്റിന് ചുറ്റിലും 'പ്രാർഥനക്ക് കൂടുതൽ ഉത്തരം ലഭിക്കുക എന്ന ബറക്കത്ത്' ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ക്വബ്റിന്റെ പരിസരം സ്വഹാബികളെ കൊണ്ടും താബിഉകളെ കൊണ്ടും നിറയുമായിരുന്നു. എന്നാൽ അത്തരം ഒരു സാഹചര്യം ഉണ്ടായതായി ചരിത്രത്തിൽ നമുക്ക് കാണുക സാധ്യമല്ല.**

ന്നില്ല. മറിച്ച് നബി(സ്വ)യിൽനിന്ന് നേരെ വിപരീതമായ നിർദേശമാണ് വന്നിട്ടുള്ളത് എന്നാണ് അദ്ദേഹം പഠിപ്പിച്ചുകൊടുക്കുന്നത്. 'എന്റെ ക്വബ്റിനെ ആഘോഷസ്ഥലമാക്കരുത്' എന്ന പ്രവാചക വചനത്തെ സ്വഹാബികളും താബിഉകളും മനസ്സിലാക്കിയത് പ്രാർഥനയ്ക്ക് ഉത്തരം പ്രതീക്ഷിച്ചു കൊണ്ടോ ബറകത്ത് പ്രതീക്ഷിച്ചു കൊണ്ടോ അങ്ങോട്ടുള്ള പോക്ക് പാടില്ല എന്ന അർഥത്തിലാണ്. നബി(സ്വ)യുടെ പ്രാർഥനയുടെ ബറകത്ത് എത്രമാത്രം വലുതാണ്! മരണശേഷം പ്രവാചകന്റെ ക്വബ്റിന് ചുറ്റിലും 'പ്രാർഥനക്ക് കൂടുതൽ ഉത്തരം ലഭിക്കുക എന്ന ബറക്കത്ത്' ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ക്വബ്റിന്റെ പരിസരം സ്വഹാബികളെ കൊണ്ടും താബിഉകളെ കൊണ്ടും നിറയുമായിരുന്നു. എന്നാൽ അത്തരം ഒരു സാഹചര്യം ഉണ്ടായതായി ചരിത്രത്തിൽ നമുക്ക് കാണുക സാധ്യമല്ല.

മാത്രമല്ല, തന്റെ മരണശയ്യയിൽ പോലും നബി(സ്വ) ഏറ്റവുമധികം ഭയപ്പെട്ടത് തന്റെ ക്വബ്റിനെ ഒരു ആരാധനാസ്ഥലമായി കാണപ്പെടുന്നതിനെയായിരുന്നു. 'യഹൂദ, ക്രൈസ്തവർക്ക് അല്ലാഹുവിന്റെ ശാപം! അവർ അവരുടെ നബിമാരുടെ ക്വബ്റുകളെ മസ്ജിദുകളാക്കി' എന്ന ഹദീസ് പ്രസിദ്ധമാണ്. ഈ ഹദീസിന്റെ വിശദീകരണത്തിൽ മഹാന്മാരുടെ ക്വബ്റിനരികിൽ വെച്ച് സംഭവിക്കുന്ന രണ്ട് അവസ്ഥകളെ പണ്ഡിതൻമാർ വിശദീകരിച്ചിട്ടുണ്ട്:

(1) ക്വബ്റിലുള്ള മഹാന്മാർക്ക് സുജൂദ് ചെയ്യുകയും അവർക്ക് നേർക്കുനേരെ ഇബാദത്ത് ചെയ്യുകയും ചെയ്യുക.

(2) അല്ലാഹുവിനുള്ള ഇബാദത്തുകൾ മഹാന്മാരുടെ ക്വബറുകൾക്കടുത്തുവെച്ച് ചെയ്താൽ അതിന് അല്ലാഹുവിങ്കൽ കൂടുതൽ സ്വീകാര്യതയുണ്ടാകുമെന്ന് കരുതി അതിനെ ഒരു 'തവസ്സുൽ' ആയി സ്വീകരിക്കുക.

മഹാന്മാരോട് കാണിക്കുന്ന ആദരവിലൂടെ ഇബാദത്തുകൾ സ്വീകരിക്കപ്പെടുമെന്ന ധാരണ തെറ്റാണ്. എന്നാൽ അവർ അതിനെ തവസ്സുൽ ആയി കാണുന്നു.

ഇതിൽ ആദ്യം പറഞ്ഞത് പച്ചയായ ശിർക്ക് ആണെന്നും, രണ്ടാമത്തേത് മരണപ്പെട്ട മഹാന്മാരോടുള്ള ആദരവും ഇബാദത്തിന്റെ സ്വീകാര്യതയും തമ്മിൽ ബന്ധമുണ്ടെന്നുള്ള ധാരണയോടുകൂടി ആയതിനാൽ അത് ഗോപ്യമായ ശിർക്കാണെന്നും പണ്ഡിതൻമാർ വിശദീകരിച്ചു. (ഇമാം ത്വീബി, ഇമാം തൂരിബിശ്തി എന്നിവർ ഉദാഹരണം).

ഈ രണ്ട് രീതികളും പ്രാമാണികമല്ലാത്തതിനാൽ ഉപേക്ഷിക്കപ്പെടേണ്ടവയാണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കുന്നു.

ഇപ്രകാരം നബിമാരുടെയും മറ്റു മഹാന്മാരുടയും ക്വബ്റുകളോട് തോന്നുന്ന പ്രത്യേക ആദരവുകൾ ആരാധനയിലേക്ക് നയിക്കും എന്നതിനാലാണ് ക്വബ്റുകൾ കെട്ടിപ്പൊക്കരുതെന്നും ക്വബറിന്റെ മേൽ ഒന്നും കെട്ടിയുണ്ടാക്കരുതെന്നും അതിനുനേരെ തിരിഞ്ഞ് നമസ്കരിക്കരുതെന്നും അവിടെ വിളക്ക് വെക്കരുതെന്നും അതിന്റെമേൽ മസ്ജിദുകൾ ഉണ്ടാക്ക

രുതെന്നും, അതിനുമേൽ ഒന്നും എഴുതിവെക്കരുതെന്നും നബി (സ്വ) കൽപിച്ചിട്ടുള്ളത്. ഉയർത്തപ്പെട്ട എല്ലാ ഖബ്റുകളും നിരപ്പാക്കണമെന്ന് അലിയ്യ്(റ)വിന് നബി (സ്വ) നിർദേശം നൽകിയതും മറ്റൊന്നുകൊണ്ടുമല്ല. അതെല്ലാം ശിർക്കിലേക്ക് നയിക്കുന്ന വസ്വീലകളാണ് എന്നതിനാലാണ് വിലക്കപ്പെട്ടത് എന്നതാണ് പണ്ഡിതൻമാരുടെ വിശദീകരണത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഇക്കാര്യം ഇമാം ശാഫിഈ (റഹി), തന്റെ 'അൽഉമ്മി'ൽ രേഖപ്പെടുത്തുന്നുമുണ്ട്.

ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിൽ ക്വബ്ർ സന്ദർശനം നിരോധിക്കപ്പെട്ടതായിരുന്നു. അതിനുള്ള കാരണം എല്ലാതരം ശിർക്കിന്റെയും ആരംഭം മഹാന്മാരുടെയും നബിമാരുടയും ക്വബ്റുകളുമായി ബന്ധപ്പെട്ടായിരുന്നു എന്നതാണ്. പുതുവിശ്വാസികൾ അതിലേക്ക് ചായാൻ സാധ്യത കൂടുതലാണ്. എന്നാൽ തൗഹീദ് അടിയുറച്ചതിനുശേഷം ക്വബ്ർ സിയാറത്ത് നബി(സ്വ) അനുവദിച്ചു. അപ്പോഴും അവിടുന്ന് പറഞ്ഞത് 'അത് നിങ്ങളെ മരണത്തെയും പരലോകത്തെയും ഓർമപ്പെടുത്തും' എന്നാണ്.

ക്വബ്ർ സിയാറത്തിന് 'തവസ്സുൽ' എന്ന ഒരു ലക്ഷ്യം കൂടി ഉണ്ടായിരുന്നെങ്കിൽ നബി(സ്വ) അത് പറഞ്ഞുതരാതിരിക്കുമായിരുന്നില്ല. സ്വർഗത്തിലേക്ക് നമ്മെ അടുപ്പിക്കുന്ന എല്ലാ കാര്യങ്ങളും നബി(സ്വ) നമുക്ക് പറഞ്ഞുതന്നിട്ടുണ്ട് എന്നിരിക്കെ, അതിൽ ഇത്തരം ഒരു കാര്യം നാം കാണുന്നില്ലെങ്കിൽ അതിന്റെ അർഥമെന്താണ്? നബി(സ്വ)ക്ക് വഹ്‌യായി നൽകപ്പെട്ട ഇസ്‌ലാമിക ശരീഅത്തിൽ 'പ്രാർഥനക്ക് ഉത്തരം പ്രതീക്ഷിച്ചുകൊണ്ട്' മഹാന്മാരുടെ ക്വബ്റുകൾ തേടിപ്പോവുക എന്ന കാര്യമില്ല എന്നതുതന്നെ!

ഈ വിഷയത്തിൽ ഇമാം മാലിക്കി(റഹി)ന്റെ സാക്ഷ്യം വളരെ ശ്രദ്ധേയമാണ്. അദ്ദേഹം ചോദിക്കപ്പെട്ടു: 'യാത്ര ഉദ്ദേശിക്കുകയോ,



**ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിൽ ക്വബ്ർ സന്ദർശനം നിരോധിക്കപ്പെട്ടതായിരുന്നു. അതിനുള്ള കാരണം എല്ലാതരം ശിർക്കിന്റെയും ആരംഭം മഹാന്മാരുടെയും നബിമാരുടയും ക്വബ്റുകളുമായി ബന്ധപ്പെട്ടായിരുന്നു എന്നതാണ്. പുതുവിശ്വാസികൾ അതിലേക്ക് ചായാൻ സാധ്യത കൂടുതലാണ്. എന്നാൽ തൗഹീദ് അടിയുറച്ചതിനുശേഷം ക്വബ്ർ സിയാറത്ത് നബി(സ്വ) അനുവദിച്ചു. അപ്പോഴും അവിടുന്ന് പറഞ്ഞത് 'അത് നിങ്ങളെ മരണത്തെയും പരലോകത്തെയും ഓർമപ്പെടുത്തും' എന്നാണ്.**

യാത്ര കഴിഞ്ഞു മടങ്ങിവരികയോ ചെയ്യാത്തവരായ മദീനക്കാരായ ആളുകൾ നബി(സ്വ)യുടെ ക്വബ്റിനരികിൽ എല്ലാ ദിവസവും ഒന്നോ അതിലധികമോ തവണ നിൽക്കുന്നു, ചിലർ വെള്ളിയാഴ്ച ദിവസം, അല്ലെങ്കിൽ ചില ദിവസങ്ങളിലായി ഒന്നിലധികം തവണ നബി(സ്വ)യുടെ ക്വബ്റിനരികിൽ നിൽക്കുകയും സലാം പറയുകയും അൽപനേരം ദുആ നടത്തുകയും ചെയ്യുന്നു!'

അപ്പോൾ അദ്ദേഹം പറഞ്ഞു: 'നമ്മുടെ നാട്ടിലെ അറിവുള്ള പണ്ഡിതൻമാർ ആരിൽ നിന്നും അത്തരം ഒരു പ്രവർത്തനത്തെ സംബന്ധിച്ച് നമുക്ക് അറിവ് വന്നിട്ടില്ല. അത് ഒഴിവാക്കലാണ് വിശാലമായത്. ഈ ഉമ്മത്തിലെ ആദ്യകാലക്കാർ (സ്വഹാബികൾ) നന്നായതുകൊണ്ടല്ലാതെ അവസാനകാലക്കാരും നന്നാവുകയില്ല. ഈ ഉമ്മത്തിലെ ആദ്യതലമുറക്കാർ അഥവാ സ്വഹാബത്തും താബിഉകളും അപ്രകാരം ചെയ്തതായി നമുക്ക് അറിവ് ലഭിച്ചിട്ടില്ല; യാത്ര ചെയ്യാൻ ഉദ്ദേശിക്കുന്നവർക്കോ, യാത്ര കഴിഞ്ഞ് മടങ്ങി വരുന്നവർക്കോ അല്ലാതെ.' (അശ്ശിഫാ, ക്വാദി ഇയാദ്)

ചിന്തിക്കുക! നബി(സ്വ)യുടെയും സ്വഹാബമാരുടെയും ക്വബ്റിടം പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന പുണ്യസ്ഥലമായിരുന്നെങ്കിൽ ഇമാം മാലിക്(റഹി) അതിനെ പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്യേണ്ടത്? എന്നാൽ അദ്ദേഹം സ്വഹാബിമാർ അപ്രകാരം ചെയ്യുന്നവരായിരുന്നില്ല എന്നാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്. സ്വഹാബത്തിന്റെ ആ മൻഹജാണ് നാം പിൻപറ്റേണ്ടത് എന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

ഇതൊന്നും നബി(സ്വ)യുടെ ക്വബ്ർ സന്ദർശിക്കുന്നതിലോ, സലാം പറയുന്നതിലോ, ക്വബ്ർ സന്ദർശിക്കുമ്പോൾ ഉള്ള പ്രാർഥന നിർവഹിക്കുന്നതിലോ പുണ്യമില്ലെന്ന് പഠിപ്പിക്കാനല്ല പറയുന്നത്. അതുകൊണ്ടാണ് വിദേശികൾക്കും യാത്രക്കാർക്കും അത് സുന്നത്തുണ്ടെന്ന് പറഞ്ഞത്. എന്നാൽ അതിനപ്പുറം ഒരു തലത്തിലേക്ക് അത് പോകുന്നത് ഫിത്നയാണെന്ന് സ്വഹാബത്തും സലഫുകളും മനസ്സിലാക്കി.

ഇത്രയും വിവരിച്ചതിൽനിന്നും പ്രാർഥനക്ക് ഉത്തരം കിട്ടുന്ന പ്രത്യേക സ്ഥലങ്ങളായി മഹാന്മാരുടെ മക്വ്ബറകളെ പ്രമാണങ്ങൾ പരിചയപ്പെടുത്തിയിട്ടില്ല എന്ന് മനസ്സിലായി. എന്നു മാത്രമല്ല, സാധാരണക്കാരുടെ ക്വബ്റിനെക്കാൾ കൂടുതൽ നിരുത്സാഹപ്പെടുത്തേണ്ട സ്ഥലങ്ങളാണ് യഥാർഥത്തിൽ മഹത്തുക്കളുടെ ക്വബ്റുകൾ. കാരണം, അവിടെയാണ് കൂടുതൽ ഫിത്നകൾക്ക് സാധ്യതയുള്ളത്. ■

# നമസ്കാരം;
# ജീവിത ശുദ്ധീകരണത്തിന്റെ ഉദാത്ത മാർഗം

ഉസ്മാൻ പാലക്കാഴി
: 9656292244



**ഇസ്‌ലാമിൻെറ പഞ്ചസ്തംഭങ്ങളിൽ ഒന്നായ അഞ്ചു നേരത്തെ നിർബന്ധ നമസ്കാരം അതിശ്രേഷ്ഠമായ ഒരു ആരാധനയാണ്. സ്രഷ്ടാവും മനുഷ്യനും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന ഈ കർമം അശ്രദ്ധമായ ആചാര നിർവഹണമായിരിക്കരുത്. നമസ്കാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളിലേക്കും അത് നൽകുന്ന ഇഹപര നേട്ടങ്ങളിലേക്കും ഒരെത്തിനോട്ടം...**

ആത്മീയത, സംസ്കരണം, വ്യക്തിത്വനവീകരണം, ജീവിതശുദ്ധീകരണം, സമർപ്പണം, ദൈവസ്മരണ എന്നിത്യാദി പല ഘടകങ്ങൾ ഉൾക്കൊണ്ട സവിശേഷമായ ഒരാരാധനയാണ് ഇസ്‌ലാമിലെ 'സ്വലാത്ത്' അഥവാ നമസ്കാരം. മനുഷ്യൻ ചെയ്യുന്ന ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠവും മുഖ്യമായതും നിർബന്ധമായതും; അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതുമായ ആരാധനയാണ് നമസ്കാരം.

വിശുദ്ധ ക്വുർആനിലും നബിചര്യയിലും നമസ്കാരത്തെ സംബന്ധിച്ചു വന്ന പരാമർശങ്ങൾ ആരാധന എന്ന നിലയ്ക്ക് അതിനുള്ള സവിശേഷ സ്ഥാനം വ്യക്തമാക്കുന്നവയാണ്. സത്യവിശ്വാസത്തിന്റെ അടയാളം, സ്രഷ്ടാവുമായുള്ള മനുഷ്യന്റെ ആത്മീയ ബന്ധത്തിന്റെ പ്രഖ്യാപനം എന്നിത്യാദി മാനങ്ങൾ നമസ്കാരത്തിനുണ്ടെന്നു തെളിയിക്കുന്ന ക്വുർആൻ വചനങ്ങൾ ഒട്ടനവധിയുണ്ട്. ഇതുപോലൊരു ആരാധന മറ്റൊരു മതവും പഠിപ്പിക്കുന്നില്ല.

**ആത്മനിയന്ത്രണം**

ആത്മനിയന്ത്രണം മനുഷ്യനിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട ഒരു ഗുണമാണ്. എന്തു



ചിന്തിക്കണം, എന്തു പ്രവർത്തിക്കണം, എന്തു പറയണം, എങ്ങനെ മുന്നോട്ടു നീങ്ങണം തുടങ്ങിയ കാര്യങ്ങൾ മനുഷ്യനിൽ, അവന്റെ നിലനിൽപിന് പരമ പ്രധാനങ്ങളായ തിരഞ്ഞെടുപ്പുകളാണ്. ഇവയിലെല്ലാം ആത്മനിയന്ത്രണത്തിന്റെ സവിശേഷ ശേഷി ആവശ്യമാണ്. മനുഷ്യന് ആത്മനിയന്ത്രണ ശേഷിയുണ്ടാക്കുന്നതിൽ അവന്റെ വിശ്വാസം, സംസ്കാരം, വിധേയത്വം, പ്രാർഥനകൾ, മറ്റു ആരാധനകൾ എന്നിവയ്ക്ക് അതിപ്രധാനമായ പങ്കുണ്ട്. ഏകദൈവത്തിൽ വിശ്വസിക്കുകയും ആ മഹാശക്തിയെ മാത്രം വന്ദിക്കുകയും ചെയ്യുന്ന സരണിയിലെ മുഖ്യമായ ആരാധന എന്ന നിലയിൽ നിത്യ പ്രാർഥനയായ നമസ്കാരത്തിന് ഇസ്‌ലാം കൽപിക്കുന്ന സവിശേഷ ലക്ഷ്യങ്ങളിൽ ഒന്ന് ആത്മനിയന്ത്രണശേഷി ഉണ്ടാക്കുകയും വളർത്തുകയും ചെയ്യുക എന്നതാണ്.

"പ്രാർഥന മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും (അല്ലാഹുവിന്റെ മുമ്പിൽ) തലകുനിക്കുന്നവരോടൊപ്പം നിങ്ങൾ തലകുനിക്കുകയും ചെയ്യുവിൻ" (ക്വുർആൻ 2:43).

"നിങ്ങൾ ക്ഷമയും നമസ്കാരവും മൂലം (അല്ലാഹുവിന്റെ) സഹായം തേടുക. അത് (നമസ്കാരം) ഭക്തൻമാരല്ലാത്തവർക്ക് വലിയ പ്രയാസമുള്ള കാര്യംതന്നെയാണ്"(2:45).

സമർപ്പണം സ്രഷ്ടാവിനു മാത്രമെന്ന ദൃഢനിശ്ചയത്തോടുകൂടി മുന്നോട്ടു പോകുന്നതിലൂടെ  വ്യക്തികൾക്ക് സ്വയം വിമലീകരണത്തിന്റെയും അഹം ബോധത്തെ അതിജീവിക്കുവാനുള്ള മാനസികമായ കരുത്തിന്റെയും അവസരങ്ങൾ കരഗതമാകുന്നു. സ്രഷ്ടാവിൽ വിശ്വസിച്ചുകൊണ്ട് നിയന്ത്രിതമായ ജീവിതം നയിക്കുന്നവർക്ക് ആത്മീയ ഉൽക്കർഷത്തിനുള്ള സന്ദർഭമാണ് പ്രാർഥനയുടേത്. എന്നാൽ സമർപ്പണത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും പാകത വരാത്തവർക്കിടയിൽ പ്രാർഥന അസ്വസ്ഥതയുടെയും ചുമട് താങ്ങുന്ന അനുഭവത്തിന്റെയും വേളയാണ്.

ക്ഷമയും പ്രാർഥനയും ഒന്നിച്ചു ചേരുമ്പോൾ വ്യക്തികൾക്ക് സാധ്യമാകുന്ന ആത്മീയശക്തി, ജീവിതത്തിന്റെ പ്രതിസന്ധികളെ മറികടന്നു മുന്നോട്ടു പോകുവാൻ സഹായിക്കുന്നതാണ്. മനുഷ്യന്റെ ശേഷികളെയും പരിമിതികളെയും സംബന്ധിച്ചുള്ള ബോധ്യവും സ്വന്തം ബലഹീനതയിലുള്ള അമർഷവും ഒന്നിച്ചു ചേരുമ്പോൾ ചില വ്യക്തികൾ സ്വജീവിതത്തോടും സമൂഹത്തോടും കാലത്തോടും കലഹിക്കുന്ന രോഷപ്രകൃതിയുള്ളവരായിത്തീരാറുണ്ട്. അസ്വസ്ഥതയുടെ കനലുകളെരിയുന്ന ഹൃദയങ്ങളുമായി അലഞ്ഞുനടക്കുന്ന


**ക്ഷമയും പ്രാർഥനയും ഒന്നിച്ചു ചേരുമ്പോൾ വ്യക്തികൾക്ക് സാധ്യമാകുന്ന ആത്മീയശക്തി, ജീവിതത്തിന്റെ പ്രതിസന്ധികളെ മറികടന്നു മുന്നോട്ടു പോകുവാൻ സഹായിക്കുന്നതാണ്. മനുഷ്യന്റെ ശേഷികളെയും പരിമിതികളെയും സംബന്ധിച്ചുള്ള ബോധ്യവും സ്വന്തം ബലഹീനതയിലുള്ള അമർഷവും ഒന്നിച്ചു ചേരുമ്പോൾ ചില വ്യക്തികൾ സ്വജീവിതത്തോടും സമൂഹത്തോടും കാലത്തോടും കലഹിക്കുന്ന രോഷപ്രകൃതിയുള്ളവരായിത്തീരാറുണ്ട്. അസ്വസ്ഥതയുടെ കനലുകളെരിയുന്ന ഹൃദയങ്ങളുമായി അലഞ്ഞുനടക്കുന്ന ഇത്തരക്കാർ സമൂഹത്തിന്റെ സ്വാസ്ഥ്യം കെടുത്തുകയും സദ്‌വിചാരങ്ങളെ അപഹസിക്കുകയും ചെയ്യുന്നവരായിത്തീർന്നേക്കാം. ഈ വിപത്തിനെ പ്രതിരോധിക്കാനുള്ള ആത്മീയ വിമലീകരണത്തിന്റെയും നിയന്ത്രണത്തിന്റെയും മാർഗമാണ് നമസ്കാരമാകുന്ന പ്രാർഥന.**

**മനുഷ്യജീവിതത്തിന്റെ നിത്യവ്യവഹാരങ്ങൾക്കിടയിൽ പല തിന്മകളിലേക്കും ബോധപൂർവമോ അല്ലാതെയോ മനുഷ്യർ നയിക്കപ്പെടാനിടയുണ്ട്. തെറ്റുകളിൽനിന്നും തിന്മകളിൽനിന്നും ശ്രദ്ധാപൂർവം അകന്നുനിൽക്കുകയാണ് വിവേകശാലിയായ മനുഷ്യർ ചെയ്യേണ്ടത്. സംസ്കാരത്തിന്റെയും മഹത്ത്വത്തിന്റെയും ഔന്നത്യത്തിന്റെയും ഒന്നാമത്തെ ചുവടുവയ്പ് തെറ്റുകളിൽനിന്നും തിന്മകളിൽനിന്നും ജാഗ്രതയോടെ വിദൂരതയിൽ വർത്തിക്കുവാനുള്ള തീരുമാനവും ദൃഢനിശ്ചയവുമാണ്. ഇത്തരത്തിൽ ഒരു തീരുമാനവും ദൃഢനിശ്ചയവും ഉണ്ടായിത്തീരുമ്പോൾ വ്യക്തികൾ ആത്മീയ വളർച്ചയുടെ മാർഗത്തിൽ പ്രവേശിക്കുകയായി. അഞ്ചുനേരത്തെ നിർബന്ധ നമസ്കാരത്തിലൂടെ ഇസ്‌ലാം ലക്ഷ്യമാക്കുന്നത് വ്യക്തികളിൽ തിന്മകളോടുള്ള ജാഗ്രതാപൂർണമായ അകൽച്ചയും നന്മകളോടുള്ള ബോധപൂർവമായ ആഭി മുഖ്യവും ജനിപ്പിക്കുകയും വളർത്തിയെടുക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുക എന്നതാണ്.**

ഇത്തരക്കാർ സമൂഹത്തിന്റെ സ്വാസ്ഥ്യം കെടുത്തുകയും സദ്‌വിചാരങ്ങളെ അപഹസിക്കുകയും ചെയ്യുന്നവരായിത്തീർന്നേക്കാം. ഈ വിപത്തിനെ പ്രതിരോധിക്കാനുള്ള ആത്മീയ വിമലീകരണത്തിന്റെയും നിയന്ത്രണത്തിന്റെയും മാർഗമാണ് നമസ്കാരമാകുന്ന പ്രാർഥന.

**നിർബന്ധ കർമം**

മനുഷ്യന്നും അവന്റെ സ്രഷ്ടാവിന്നുമിടയിൽ നിത്യമായി നിലനിൽക്കുന്ന ബന്ധമാണ് പ്രാർഥനയിലൂടെ സാധിതമാകുന്നത്. ഉന്നതനായ സ്രഷ്ടാവിനു മുന്നിൽ വ്യക്തികൾക്ക് തങ്ങളെത്തന്നെ പുനരർപ്പണം ചെയ്യുവാനുള്ള വേളയാണ് ഓരോ നമസ്കാരവും. മനുഷ്യനും അവന്റെ നാഥനും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ഏതാനും കഥകൾ മെനയുകയും നാമമാത്രങ്ങളായ ആരാധനകളിലും പ്രാർഥനകളിലും മതത്തെ ഒരുക്കുകയും ചെയ്യുന്ന സമീപനം ഇസ്‌ലാമിലില്ല. മനുഷ്യൻ അവന്റെ ശാന്തജീവിതത്തിലും അസ്വസ്ഥമായ അവസ്ഥകളിലും സ്രഷ്ടാവിനോടുള്ള തന്റെ ബന്ധം ആവർത്തിച്ച് ഓർക്കുകയും ഉറപ്പിക്കുകയും വേണ്ടതുണ്ട്. അതുകൊണ്ട്, നമസ്കാരം പ്രത്യേക കാരണങ്ങളില്ലാതെ ഒരു നിലയ്ക്കും ഒഴിവാക്കുവാൻ പാടുള്ളതല്ലെന്ന് ഇസ്‌ലാം അനുശാ



സിക്കുന്നു. ഒഴിവാക്കുന്നവരുടെ സങ്കേതം നരകമായിരിക്കുമെന്ന് ക്വുർആനും പ്രവാചക വചനങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. യാത്രകളിലും യുദ്ധവേളകളിലും അരക്ഷിതാവസ്ഥകളിലുമെല്ലാം നമസ്കാരം നിർവഹിക്കേണ്ടതുണ്ട് എന്ന് ക്വുർആൻ പഠിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

“നിങ്ങൾ ഭൂമിയിൽ യാത്രചെയ്യുകയാണെങ്കിൽ സത്യനിഷേധികൾ നിങ്ങൾക്ക് നാശം വരുത്തുമെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം നമസ്കാരം ചുരുക്കി നിർവഹിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല. തീർച്ചയായും സത്യനിഷേധികൾ നിങ്ങളുടെ പ്രത്യക്ഷ ശത്രുക്കളാകുന്നു. (നബിയേ,) നീ അവരുടെ കൂട്ടത്തിലുണ്ടായിരിക്കുകയും അവർക്ക് നേതൃത്വം നൽകിക്കൊണ്ട് നമസ്കാരം നിർവഹിക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിന്റെ കൂടെ നിൽക്കട്ടെ. അവർ അവരുടെ ആയുധങ്ങൾ എടുക്കുകയും ചെയ്യട്ടെ. അങ്ങനെ അവർ സുജൂദ് ചെയ്തുകഴിഞ്ഞാൽ അവർ നിങ്ങളുടെ പിന്നിലേക്ക് മാറിനിൽക്കുകയും നമസ്കരിച്ചിട്ടില്ലാത്ത മറ്റേ വിഭാഗം വന്ന് നിന്റെ കൂടെ നമസ്കരിക്കുകയും ചെയ്യട്ടെ...” (4:101,102).

ഏറ്റുമുട്ടൽ അനിവാര്യമായ ഘട്ടത്തിൽ അതിലേർപ്പെടുന്നവർക്കുപോലും പ്രാർഥനയിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ അവകാശവും അധികാരവുമില്ലെന്നു പഠിപ്പിക്കുന്ന വാക്യമാണ് മുകളിൽ ഉദ്ധരിച്ചത്. മനുഷ്യനിലെ ആത്മമാംശത്തെ അതിന്റെ നിത്യ സജീവതയിൽ നിലനിർത്തുവാനും സർവശക്തനായ സ്രഷ്ടാവിന്റെ വിനീത ദാസനായിരിക്കുക എന്നതിൽനിന്ന് തനിക്ക് ഒരു വേളയിലും ഒഴിവില്ല എന്ന ചിന്തയിൽ മനസ്സുറപ്പിക്കുവാനും അതിലൂടെ ലഭ്യമാകുന്ന ആത്മധൈര്യം അവനെ മുന്നോട്ടു നയിക്കുവാനും ഈ കണിശത സഹായിക്കുന്നു.

മനുഷ്യന് ആത്മധൈര്യം പകരുന്ന ഒരു മാർഗമാണ് അഞ്ചുനേരത്തെ നമസ്കാരം. ജീവിതത്തിൽ വരുന്ന പ്രശ്നങ്ങൾക്കു മുമ്പിൽ അശക്തനാകാതിരിക്കുവാൻ, പ്രതിസന്ധികളിൽ തളരാതിരിക്കുവാൻ, സ്രഷ്ടാവിലുള്ള വിശ്വാസത്തിന്റെ പാശത്തിൽ മുറുകെപ്പിടിച്ചുകൊണ്ട് നിത്യമായ പ്രത്യാശ പുലർത്തുവാൻ, ആത്മധൈര്യത്തോടെ മുന്നോട്ടു പോകുവാൻ-എന്നിങ്ങനെ പല കാര്യങ്ങൾക്ക് അഞ്ചുനേരത്തെ നമസ്കാരം ശക്തിയും ചൈതന്യവും പകരുന്നു.

“തീർച്ചയായും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അങ്ങേയറ്റം അക്ഷമനായിക്കൊണ്ടാണ്. അതായത് തിന്മ ബാധിച്ചാൽ പൊറുതികേട് കാണിക്കുന്നവനായിക്കൊണ്ടും, നന്മ കൈവന്നാൽ തടഞ്ഞുവെക്കുന്നവനായിക്കൊണ്ടും. നമസ്കരിക്കുന്നവരൊഴികെ-

അതായത് തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരനിഷ്ഠയുള്ളവർ" (70:19-23).

## പാപമോചനം

മനുഷ്യജീവിതത്തിന്റെ നിത്യവ്യവഹാരങ്ങൾക്കിടയിൽ പല തിന്മകളിലേക്കും ബോധപൂർവമോ അല്ലാതെയോ മനുഷ്യർ നയിക്കപ്പെടാനിടയുണ്ട്. തെറ്റുകളിൽനിന്നും തിന്മകളിൽനിന്നും ശ്രദ്ധാപൂർവം അകന്നുനിൽക്കുകയാണ് വിവേകശാലിയായ മനുഷ്യർ ചെയ്യേണ്ടത്. സംസ്കാരത്തിന്റെയും മഹത്ത്വത്തിന്റെയും ഔന്നത്യത്തിന്റെയും ഒന്നാമത്തെ ചുവടുവയ്പ്പ് തെറ്റുകളിൽനിന്നും തിന്മകളിൽനിന്നും ജാഗ്രതയോടെ വിദൂരതയിൽ വർത്തിക്കുവാനുള്ള തീരുമാനവും ദൃഢനിശ്ചയവുമാണ്. ഇത്തരത്തിൽ ഒരു തീരുമാനവും ദൃഢനിശ്ചയവും ഉണ്ടായിത്തീരുമ്പോൾ വ്യക്തികൾ ആത്മീയ വളർച്ചയുടെ മാർഗത്തിൽ പ്രവേശിക്കുകയായി. അഞ്ചുനേരത്തെ നിർബന്ധ നമസ്കാരത്തിലൂടെ ഇസ്‌ലാം ലക്ഷ്യമാക്കുന്നത് വ്യക്തികളിൽ തിന്മകളോടുള്ള ജാഗ്രതാപൂർണമായ അകൽച്ചയും നന്മകളോടുള്ള ബോധപൂർവമായ ആഭിമുഖ്യവും ജനിപ്പിക്കുകയും വളർത്തിയെടുക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുക എന്നതാണ്. നിർബന്ധ നമസ്കാരങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന വിശുദ്ധ ക്വുർആൻ വചനങ്ങളിൽ മേൽപറഞ്ഞ ലക്ഷ്യത്തിലേക്കു സൂചന നൽകപ്പെട്ടിട്ടുണ്ട്.

"പകലിന്റെ രണ്ടറ്റങ്ങളിലും രാത്രിയിലെ ആദ്യയാമങ്ങളിലും നീ നമസ്കാരം മുറപോലെ നിർവഹിക്കുക. തീർച്ചയായും സൽകർമങ്ങൾ ദുഷ്കർമങ്ങളെ നീക്കിക്കളയുന്നതാണ്. ചിന്തിച്ചുഗ്രഹിക്കുന്നവർക്ക് ഒരു ഉൽബോധനമാണത്. നീ ക്ഷമിക്കുക. സുകൃതവാന്മാരുടെ പ്രതിഫലം അല്ലാഹു നഷ്ടപ്പെടുത്തിക്കളയുകയില്ല. തീർച്ച" (11:114-115).

"(നബിയേ) വേദഗ്രന്ഥത്തിൽ നിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധ കർമത്തിൽനിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു" (29:45).



**നിർണിത സമയങ്ങളിലുള്ള നമസ്കാരം ഏറ്റവും മികച്ച സൽകർമാണ്. ദുഷ്കർമങ്ങളെ നിഷ്ഫലമാക്കുവാനും നീക്കിക്കളയുവാനും അവയ്ക്കു കഴിയും. ചിന്താശേഷിയും വിവേകവുമുള്ള ഏതു വിശ്വാസിക്കും സമയനിഷ്ഠയോടുകൂടിയ നമസ്കാരം അവഗണിക്കാനാവില്ല. ക്ഷമയും സഹനവും ഉൽപാദിപ്പിക്കുന്ന ശ്രേഷ്ഠ കർമമാണ് അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ. പ്രവാചകന്മാർ ഉൾപ്പെടുന്ന മനുഷ്യരിലെ ശ്രേഷ്ഠർക്കും സാധാരണക്കാർക്കും സ്രഷ്ടാവിലേക്കുള്ള വഴികൾ പ്രാർഥനകളാണ്. നീചവൃത്തികളിൽനിന്നും മനുഷ്യരെ പ്രതിരോധിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിൽ സമയനിഷ്ഠതയോടുകൂടിയ നമസ്കാരത്തിന് അടിസ്ഥാനപരമായ പങ്കുണ്ട്. ദൈവസ്മരണയുടെ ഏറ്റവും ഉയർന്ന രൂപവും ഇതുതന്നെയാണ്.**

നിർണിത സമയങ്ങളിലുള്ള നമസ്കാരം ഏറ്റവും മികച്ച സൽകർമാണ്. ദുഷ്കർമങ്ങളെ നിഷ്ഫലമാക്കുവാനും നീക്കിക്കളയുവാനും അവയ്ക്കു കഴിയും. ചിന്താശേഷിയും വിവേകവുമുള്ള ഏതു വിശ്വാസിക്കും സമയനിഷ്ഠയോടുകൂടിയ നമസ്കാരം അവഗണിക്കാനാവില്ല. ക്ഷമയും സഹനവും ഉൽപാദിപ്പിക്കുന്ന ശ്രേഷ്ഠ കർമമാണ് അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ. പ്രവാചകന്മാർ ഉൾപ്പെടുന്ന മനുഷ്യരിലെ ശ്രേഷ്ഠർക്കും സാധാരണക്കാർക്കും സ്രഷ്ടാവിലേക്കുള്ള വഴികൾ പ്രാർഥനകളാണ്. നീചവൃത്തികളിൽനിന്നും മനുഷ്യരെ പ്രതിരോധിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിൽ സമയനിഷ്ഠതയോടുകൂടിയ നമസ്കാരത്തിന് അടിസ്ഥാനപരമായ പങ്കുണ്ട്. ദൈവസ്മരണയുടെ ഏറ്റവും ഉയർന്ന രൂപവും ഇതുതന്നെയാണ്. മനുഷ്യമനസ്സുകളിൽ; സ്രഷ്ടാവ് തങ്ങളെ നിരീക്ഷിക്കുന്നു, തങ്ങളുടെ ചലനങ്ങളും പ്രവൃത്തികളും വ്യക്തമായും സൂക്ഷ്മമായും മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു എന്നെല്ലാമുള്ള ബോധം ഉൽപാദിപ്പിക്കുവാൻ കൃത്യനിഷ്ഠയോടുകൂടിയ നമസ്കാരം ആവശ്യമാണ് എന്നിങ്ങനെയുള്ള ആശയങ്ങളാണ് ക്വുർആൻ വ്യക്തമാക്കുന്നത്.

## ചിട്ടകളോടെയുള്ള കർമം

സമയനിഷ്ഠയോടെയുള്ള

**‘തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരും അനാവശ്യകാര്യത്തിൽനിന്നും തിരിഞ്ഞുകളയുന്നവരും സകാത്ത് നിർവഹിക്കുന്നവരുമായ വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു’** (23:1-4). **ഭയഭക്തിയോടെയായിരിക്കുക, അനാവശ്യ ചിന്തകളിൽനിന്നും പ്രവൃത്തികളിൽന്നും വിട്ടുനിൽക്കുവാൻ പ്രേരിപ്പിക്കും വിധമാവുക, മതം അനുശാസിക്കുന്ന ചുമതലകളുടെ അനിവാര്യത തിരിച്ചറിഞ്ഞുകൊണ്ടായിരിക്കുക തുടങ്ങിയവ നമസ്കാരത്തിന്റെ ആത്മീയമായ പശ്ചാത്തല ഘടകങ്ങളായിരിക്കേണ്ടതുണ്ടെന്ന് ഈ വചനം പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, ശാരീരികവും മാനസികവും ചിന്താപരവുമായ മുന്നൊരുക്കത്തോടുകൂടിയായിരിക്കണം ഒരു വിശ്വാസി നമസ്കാരത്തിൽ ഏർപെടുന്നത്. സർവശക്തനായ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടായിരിക്കണം നമസ്കരിക്കുന്നത്.**

നമസ്കാരം ജീവിതത്തിൽ എപ്രകാരം പരമപ്രധാനമാണോ അത്രതന്നെ പരമപ്രധാനമാണ് ആ പ്രാർഥനയ്ക്കുള്ള മാനസികവും ശാരീരികവുമായ മുന്നൊരുക്കം. ഏതൊരു കർമത്തിന്റെയും പ്രാധാന്യം വർധിക്കുന്തോറും അതിന്റെ പശ്ചാത്തല ഘടകങ്ങളുടെയും അനിവാര്യ സാഹചര്യങ്ങളുടെയും ഉണ്ടായിരിക്കേണ്ടുന്ന അനുബന്ധങ്ങളുടെയും പ്രാധാന്യവും വർധിക്കുക സ്വാഭാവികമാണ്. ആത്മീയവും സാംസ്കാരികവുമായ അഭിവൃദ്ധിയുടെയും മുന്നേറ്റത്തിന്റെയും സ്രഷ്ടാവുമായുള്ള ബന്ധത്തിന്റെയും വഴി എന്ന നിലയ്ക്ക് സമയബന്ധിതമായ നിർബന്ധ നമസ്കാരങ്ങൾക്കുള്ള സാഹചര്യ ഘടകങ്ങൾക്കും സുപ്രധാനമായ പരിഗണനയാണ് വിശുദ്ധ ക്വുർആൻ നൽകിയിരിക്കുന്നത്. പ്രസ്തുത സാഹചര്യ ഘടകങ്ങളിൽ മനസ്സാന്നിധ്യവും മാനസിക-ശാരീരിക ശുദ്ധിയും വളരെയധികം ഊന്നൽ നൽകി പരാമർശിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ വുദൂഅ് അഥവാ അംഗശുദ്ധീകരണം നമസ്കാരത്തിനു മുമ്പ് നടത്തൽ നിർബന്ധമാണെന്ന് ഇസ്‌ലാം അനുശാസിക്കുന്നു. അതുപോലെത്തന്നെ ഭയഭക്തിയോടെയായിരിക്കണം നമസ്കാരത്തിനു നിൽക്കുന്നത്.

“തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരും അനാവശ്യകാര്യത്തിൽനിന്നും തിരിഞ്ഞുകളയുന്നവരും സകാത്ത് നിർവഹിക്കുന്നവരുമായ വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു’ (23:1-4).

ഭയഭക്തിയോടെയായിരിക്കുക, അനാവശ്യ ചിന്തകളിൽനിന്നും പ്രവൃത്തികളിൽന്നും വിട്ടുനിൽക്കുവാൻ പ്രേരിപ്പിക്കും വിധമാവുക, മതം അനുശാസിക്കുന്ന ചുമതലകളുടെ അനിവാര്യത തിരിച്ചറിഞ്ഞു കൊണ്ടായിരിക്കുക തുടങ്ങിയവ നമസ്കാരത്തിന്റെ ആത്മീയമായ പശ്ചാത്തല ഘടകങ്ങളായിരിക്കേണ്ടതുണ്ടെന്ന് ഈ വചനം പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, ശാരീരികവും മാനസികവും ചിന്താപരവുമായ മുന്നൊരുക്കത്തോടുകൂടിയായിരിക്കണം ഒരു വിശ്വാസി നമസ്കാരത്തിൽ ഏർപെടുന്നത്. സർവശക്തനായ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടായിരിക്കണം നമസ്കരിക്കുന്നത്. അല്ലാത്തപക്ഷം ആ നമസ്കാരംതന്നെയും അത് നിർവഹിച്ചയാൾക്ക് ദോഷകരമായിരിക്കുമെന്ന് ക്വുർആൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.


“എന്നാൽ തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരും ജനങ്ങളെ കാണിക്കുവാൻ വേണ്ടി പ്രവർത്തിക്കുന്നവരും പരോപകാര വസ്തുക്കൾ മുടക്കുന്നവരുമായ നമസ്കാരക്കാർക്കാകുന്നു നാശം” (107: 4-7).

അതിപ്രധാനമായ ഒരു കർമം അതർഹിക്കുന്നവിധത്തിൽ അനുഷ്ഠിക്കാതിരിക്കുകയോ, അതിന്റെ അനിവാര്യഘടകങ്ങളെ പരിഗണിക്കാതിരിക്കുകയോ, അതുമുഖേന ലഭ്യമാകുമെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്ന ഗുണങ്ങൾ ലഭ്യമാകും വിധത്തിൽ അനുഷ്ഠിക്കാതിരിക്കുകയോ ചെയ്യുന്നത് ഫലത്തിൽ ആ കർമത്തെ വിലകുറച്ചു കാണലും നിന്ദിക്കലുമാണ്. നിത്യപ്രാർഥനയുടെ കാര്യത്തിൽ പരിഗണിക്കേണ്ടുന്ന അനിവാര്യഘടകങ്ങളെ പരിഗണിക്കാതിരിക്കുന്നത് യഥാർഥത്തിൽ പ്രാർഥനകളെ വിലകുറച്ചു കാണുന്നവരാണ്. മനസ്സാന്നിധ്യമില്ലാത്ത ഉപരിപ്ലവ അനുഷ്ഠാനമായി നമസ്കാരത്തെ അധഃപതിപ്പിക്കുന്നതിലൂടെ അതിമഹത്തായ ലക്ഷ്യങ്ങൾക്കായി അനുശാസിക്കപ്പെട്ട ഒരു പുണ്യകർമത്തെ പാഴാക്കിക്കളയുകയും നിന്ദിക്കുകയുമാണു ചെയ്യുന്നത്. ആത്മവിനാശകമായ ഈ ദുർവൃത്തിക്കെതിരായ മുന്നറിയിപ്പാണ് 107:4-7 വാക്യങ്ങൾ

### പ്രതിബദ്ധതയുടെ അടയാളം

മനുഷ്യനും അവന്റെ സ്രഷ്ടാവിനുമിടയിലെ ബന്ധത്തിന്റെ പ്രഖ്യാപനമാണ് സമയബന്ധിതമായ അഞ്ചുനേര നമസ്കാരം. സ്രഷ്ടാവിനോടും സ്രഷ്ടാവ് മനുഷ്യന്റെ ആത്യന്തിക വിജയത്തിനായി അവതരിപ്പിച്ച മൂല്യങ്ങളോടുമുള്ള പ്രതിബദ്ധതയുടെ പ്രഖ്യാപനം കൂടിയാണിത്. ഞാൻ സ്രഷ്ടാവിൽ വിശ്വസിക്കുകയും അവനെ മാത്രം നാഥനും രക്ഷകനുമായി അംഗീകരിക്കുകയും ചെയ്യുന്നു എന്നു പറയുന്ന ഒരു വ്യക്തിയുടെ വാക്കുകളുടെ സത്യസ്ഥിതി വെളിപ്പെടുത്തുന്നത് സമയനിഷ്ഠയോടുകൂടിയ അവന്റെ നമസ്കാരങ്ങളാണ്. വിശുദ്ധ ക്വുർആനിലെ നിരവധി വചനങ്ങളിൽ, വിഭിന്ന രൂപങ്ങളിലായി ഈ ആശയം ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്.

“ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതാണ് അത്. അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും നമസ്കാരം മുറപ്രകാരം നിർവ



ഹിക്കുകയും നാം നൽകിയ സമ്പത്തിൽനിന്ന് ചെലവഴിക്കുകയും നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ). നാഥൻ കാണിച്ച നേർവഴിയിലാകുന്നു അവർ. അവർതന്നെയാകുന്നു സാക്ഷാൽ വിജയികൾ" (2:25).

വിശ്വാസത്തിന്റെ മാർഗത്തിലൂടെ വിജയവും സ്രഷ്ടാവിന്റെ പ്രീതിയും കരസ്ഥമാക്കുന്നവരുടെ അടയാളങ്ങൾ എണ്ണിപ്പറയുന്ന മേൽവാക്യത്തിൽ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക; അഥവാ വിശ്വസിക്കുവാൻ വിശുദ്ധ ഖുർആനും പ്രവാചക വചനങ്ങളും അനുശാസിക്കുന്ന കാര്യങ്ങൾ കണിശതയോടെ വിശ്വസിക്കുക, നമസ്കാരം സമയാസമയം മുറപ്രകാരം നിർവഹിക്കുക, സമ്പത്തുകൊണ്ടുള്ള മതപരമായ ബാധ്യതകൾ നിർവഹിക്കുക, അല്ലാഹുവിന്റെ വേദഗ്രന്ഥങ്ങളിലെല്ലാം വിശ്വസിക്കുക, നാഥനിൽനിന്നുള്ള മാർഗദർശനത്തെ വിശ്വസിച്ചവലംബിക്കുക എന്നിവയൊക്കെ പ്രതിപാദിച്ചിരിക്കുന്നു.

നമസ്കാരം യഥാസമയം നിഷ്ഠയോടെ നിർവഹിക്കുന്നതിനെ സത്യവിശ്വാസിയുടെ ഏറ്റവും സുപ്രധാനമായ ഒരു ലക്ഷണമായി വിശുദ്ധ ഖുർആൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു: "നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്തു നൽകുകയും (അല്ലാഹുവിന്റെ) മുമ്പിൽ തലകുനിക്കുന്നവരോടൊപ്പം നിങ്ങൾ തലകുനിക്കുകയും ചെയ്യുവിൻ" (2:43),

ധർമത്തിലും ദൈവഭക്തിയിലും നീതിബോധത്തിലും അടിയുറച്ച ഒരു സമൂഹത്തിന്റെ ലക്ഷണം വിവരിക്കുമ്പോൾ മുറപ്രകാരമുള്ള നമസ്കാരം, സമ്പത്തിന്റെ സംശുദ്ധമായ വിനിയോഗം, താഴ്മയോടും ഭക്തിയോടുമുള്ള സമർപ്പണം എന്നിവ ഊന്നിപ്പറയുന്നു. ഇവ പരസ്പരം ബന്ധിതങ്ങളാണ്. ഇവയിൽ ഒന്ന് ഒരു വ്യക്തിയുടെ ജീവിതശീലങ്ങളിൽ യഥാർഥ രൂപത്തിൽ ഉണ്ടെങ്കിൽ തീർച്ചയായും മറ്റുള്ളവയും ഉണ്ടായിരിക്കുകതന്നെ ചെയ്യും.

"നിങ്ങൾ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്തു നൽകുകയും ചെയ്യുക. നിങ്ങളുടെ സ്വന്തം ഗുണത്തിനായി നിങ്ങൾ നല്ലതായ എന്തൊന്ന് മുൻകൂട്ടി ചെയ്താലും ശരി അതിന്റെ ഫലം അല്ലാഹുവിങ്കൽ നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാകുന്നു" (2:110).

മതം അനുശാസിക്കുന്ന നിർബന്ധകാര്യങ്ങൾ ഊന്നിപ്പറയുകയും, അവയത്രയും മനുഷ്യന്റെ ഗുണത്തിനും അഭിവൃദ്ധിക്കും സ്രഷ്ടാവിന്റെ പ്രീതിക്കും ആത്മീയതയുടെ ശരിയായ പ്രാപ്തിക്കും ആവശ്യമാണെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്ന വാക്യമാണിത്. മറ്റൊരു വാക്യത്തിൽ നന്മയുടെയും സദ്‌വൃത്തിയുടെയും ഘടകങ്ങൾ വിശദമാക്കിക്കൊണ്ട് പറയുന്നു:

"നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാചകൻമാരിലും വിശ്വസിക്കു കയും, സ്വത്തിനോടു പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കന്നും ചോദിച്ചു വരുന്നവർക്കും അടിമമോചനത്തിനും നൽകുകയും, നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്തു നൽകുകയും കരാറിലേർപ്പെട്ടാൽ അത് നിറവേറ്റുകയും വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമ കൈകൊള്ളുകയും ചെയ്യുവരാരോ അവരാകുന്നു പുണ്യവാന്മാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർതന്നെയാകുന്നു (ദോഷബാധയെ സൂക്ഷിച്ചവർ" (2:177).

"പ്രാർഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചുപോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭക്തിയോടുകൂടി നിന്നുകൊണ്ടാകണം നിങ്ങൾ പ്രാർഥിക്കുന്നത്" (2:238).

അശ്രദ്ധമായ ആചാരനിർവഹണമായിരിക്കരുത് നമസ്കാരം. അവയത്രയും ഹൃദയത്തിന്റെ സജീവ പങ്കാളിത്തവും ആത്മാവിന്റെ ശക്തമായ സാന്നിധ്യവുമുള്ള അർഥവത്തായ ആരാധനകളായിരിക്കാൻ ശ്രദ്ധിക്കുമ്പോൾ, അവയുടെ ഗുണഫലങ്ങൾ വിശ്വാസികൾക്ക് അനുഭവിക്കാൻ കഴിയും. ഹൃദയത്തിൽനിന്ന് ജനിക്കുന്ന സുവ്യക്തമായ ഭക്തിയുടെയും സമർപ്പണത്തിന്റെയും പിൻബലത്തോടുകൂടിയല്ലാതെ പ്രപഞ്ചനാഥനുമുന്നിൽ പ്രാർഥനക്കായി നിൽക്കരുത് എന്നാണ് വിശുദ്ധ

**മനുഷ്യനും അവന്റെ സ്രഷ്ടാവിനുമിടയിലെ ബന്ധത്തിന്റെ പ്രഖ്യാപനമാണ് സമയബന്ധിതമായ അഞ്ചുനേര നമസ്കാരം. സ്രഷ്ടാവിനോടും സ്രഷ്ടാവ് മനുഷ്യന്റെ ആത്യന്തിക വിജയത്തിനായി അവ തരിപ്പിച്ച മൂല്യങ്ങളോടുമുള്ള പ്രതിബദ്ധതയുടെ പ്രഖ്യാപനം കൂടിയാണിത്. ഞാൻ സ്രഷ്ടാവിൽ വിശ്വസിക്കുകയും അവനെ മാത്രം നാഥനും രക്ഷകനുമായി അംഗീകരിക്കുകയും ചെയ്യുന്നു എന്നു പറയുന്ന ഒരു വ്യക്തിയുടെ വാക്കുകളുടെ സത്യസ്ഥിതി വെളിപ്പെടുത്തുന്നത് സമയനിഷ്ഠയോടുകൂടിയ അവന്റെ നമസ്കാരങ്ങളാണ്. വിശുദ്ധ ക്വുർആനിലെ നിരവധി വചനങ്ങളിൽ, വിഭിന്ന രൂപങ്ങളിലായി ഈ ആശയം ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്.**

ക്വുർആൻ പറയുന്നത്.

“വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവരർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല’ (2:277),

സൽകർമ്മങ്ങളുടെ കൂട്ടത്തിൽ മുഖ്യമായ ഒന്നാണ് നമസ്കാരം. എന്നിട്ടും അതിനെ വേറിട്ടു പ്രതിപാദിക്കുന്നത് അതിന്റെ പ്രാധാന്യവും പരിഗണനീയതയും ഊന്നിപ്പറയുവാനാണ്. മനുഷ്യനും സ്രഷ്ടാവിനുമിടയിലുള്ള ബന്ധത്തിന്റെ പ്രകടമായ പ്രഖ്യാപനമാണ് സമയനിഷ്ഠയോടുകൂടിയ നമസ്കാരം, മനുഷ്യനും സമൂഹത്തിനുമിടയിലെ ബന്ധത്തിന്റെ ഒരർഥത്തിലുള്ള പ്രകടനമാണ് സാമ്പത്തിക ബാധ്യതയുടെ നിർവഹണം അഥവാ സകാത്ത്. സൽകർമങ്ങളിൽനിന്ന് ഇവയെ പ്രത്യേകം ഊന്നി പറയുന്നത് മനുഷ്യജീവിതത്തിന്റെ ആന്തരികവും ബാഹ്യവുമായ അവസ്ഥാവിശേഷങ്ങളെ സംസ്കരിക്കുന്നതിൽ ഇവ അതിപ്രധാനങ്ങളായതുകൊണ്ടാണ്.

“നിങ്ങൾ നമസ്കാരം മുറപ്രകാരം നിർവഹിക്കണമെന്നും, അവനെ സൂക്ഷിക്കണമെന്നും കൽപിക്കപ്പെട്ടിരിക്കുന്നു. അവങ്കലേക്കായിരിക്കും നിങ്ങളെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്നത്. അവനത്രെ ആകാശങ്ങളും ഭൂമിയും മുറ പ്രകാരം സൃഷ്ടിച്ചവൻ. അവൻ ഉണ്ടാകൂ എന്നുപറയുന്ന ദിവസം അതുണ്ടാകുക തന്നെ ചെയ്യുന്നു. അവന്റെ വചനം സത്യമാകുന്നു...” (6:72-73).

ഭൂമിയിലും ആകാശങ്ങളിലും പ്രപഞ്ചത്തിന്റെ ഓരോ അണുവിലും ആധിപത്യവും അധികാരവും ചെലുത്തുന്ന സഷ്ടാവിൽനിന്നുള്ള ഒരു കൽപന അനുസരിക്കുമ്പോൾ ആ സ്രഷ്ടാവിനെക്കുറിച്ചുള്ള ഭയഭക്തികളോടെ ആയിരിക്കേണ്ടത് സ്വാഭാവികമായ ഒരാവശ്യമാണ്. മനസ്സിൽ സർവാധിനാഥനോടുള്ള പരമമായ വിധേയത്വത്തിന്റെ താഴ്മയും നിറഞ്ഞുകവിയേണ്ടതുണ്ട്.

“അല്ലാഹുവിനെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ചു നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണു സത്യവിശ്വാസികൾ. നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം നൽകിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുകയും ചെയ്യുന്നവർ” (8:2,3).

വിശ്വാസത്തിന്റെ ചൈതന്യം സ്വാധീനം ചെലുത്തുന്ന സത്യവിശ്വാസികളെക്കുറിച്ച് വിവരിക്കുകയാണു ക്വുർആൻ. പരമാധികാരിയും പ്രപഞ്ചത്തിന്റെയഖിലവും നാഥനുമായ സ്രഷ്ടാവിനെക്കുറിച്ച് സ്മരിക്കുമ്പോൾ ഹൃദയത്തിൽ ഭക്തിയും ബഹുമാനാദരവും വർധിക്കുകയും, പ്രതാപവാനായ സ്രഷ്ടാവിന്റെ മഹത്ത്വം ഉദ്ഘോഷിക്കുന്ന വചനങ്ങൾ വായിച്ചു കേൾക്കാനിടയായാൽ അവയുടെ പൊരുൾ ഉറ്റാലോചിച്ച് ഹൃദയം വിറകൊള്ളുകയും, ചെറുതും വലുതമായ എല്ലാകാര്യങ്ങളിലും ആ മഹാശക്തിയിൽ ഭരമേൽപിക്കുകയും ചെയ്യുന്നവരാണ് വിശ്വാസികൾ. വിശ്വാസത്തിന്റെ മഹത്തായ ഈ മനോഭാവങ്ങൾ ഉള്ളവർ നമസ്കാരം യഥാസമയം നിർവഹിക്കുകയും ദൈവാനുഗ്രഹമായി തങ്ങൾക്ക് ലഭിച്ച സമ്പത്തും മറ്റു സൗകര്യങ്ങളത്രയും മനുഷ്യർക്കിടയിൽ നീതിപൂർവകമായി ചെലവഴിക്കുകയും ചെയ്യുന്നവരായിരിക്കും. അവിശ്വാസികളെക്കുറിച്ചു വിവരിക്കുന്ന വചനങ്ങൾക്കൊടുവിൽ അവിശ്വാസികൾ വിശ്വാസികളായി പരിവർത്തിക്കപ്പെടുന്ന ആശയം വ്യക്തമാക്കിക്കൊണ്ട് ക്വുർആൻ പറയുന്നത് പശ്ചാത്താപവും നമസ്കാരവും സകാത്തും ഉൾപ്പെടെയുള്ള പ്രധാനകാര്യങ്ങൾ ആ പരിവർത്തനത്തിന് അനിവാര്യമാണ് എന്നാണ്:

“എന്നാൽ അവർ പശ്ചാത്തപിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും ചെയ്യുന്നപക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു” (9:11).

“സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണകാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ അതിൽ നിത്യവാസി

കളായിരിക്കും. സ്ഥിരവാസത്തിനുള്ള തോട്ടങ്ങളിൽ വിശിഷ്ടമായ പാർപ്പിടങ്ങളും (വാഗ്ദാനം ചെയ്തിരിക്കുന്നു). എന്നാൽ അല്ലാഹുവിങ്കൽനിന്നുള്ള പ്രീതിയാണ് ഏറ്റവും വലുത്. അതത്രെ മഹത്തായ വിജയം'' (9:71,72).

ഒരു മനുഷ്യൻ താൻ സത്യവിശ്വാസിയും സ്രഷ്ടാവിന്റെ ദാസനുമാണ് എന്നു പറയുന്നതിന്റെ ഏറ്റവും മികച്ച തെളിവ് നിത്യനിഷ്ഠമായ പ്രാർഥന അവന്റെ ജീവിതത്തിലുണ്ടാവുക എന്നതാണ്.

**പൂർവകാലത്തിന്റെ തുടർച്ച**

''അവർ പറഞ്ഞു: ശുഐബേ, ഞങ്ങളുടെ പിതാക്കൻമാർ ആരാധിച്ച് വരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കണമെന്നോ, ഞങ്ങളുടെ സ്വത്തുക്കളിൽ ഞങ്ങൾക്ക് ഇഷ്ടമുള്ള പ്രകാരം പ്രവർത്തിക്കാൻ പാടില്ലെന്നോ നിനക്ക് കൽപന നൽകുന്നത് നിന്റെ ഈ നമസ്കാരമാണോ? തീർച്ചയായും നീ സഹനശീലനും വിവേകശാലിയുമാണല്ലോ!'' (11:87).

പൂർവ പ്രവാചകൻമാരിൽ ഒരാളായ ശുഐബ് നബി(അ)യോട് തന്റെ പ്രബോധിതജനത ചോദിക്കുന്നത് വിശുദ്ധ ക്വുർആൻ ഉദ്ധരിക്കുകയാണ്. സമയാധിഷ്ഠിതമായ ആരാധന എന്ന നിലയിൽ സ്വലാത്ത് അഥവാ നമസ്കാരം ആ പ്രവാചകനിലും അദ്ദേഹത്തിന്റെ സംസ്കാരത്തിലും ചെലുത്തിയിരുന്ന സ്വാധീനം അദ്ദേഹത്തിന്റെ പ്രതിയോഗികളുടെ ചോദ്യത്തിൽ പ്രതിഫലിക്കുന്നുണ്ട്. പൂർവികർ ആരാധിച്ചുവന്നിരുന്ന മിഥ്യാസങ്കൽപങ്ങളെ തിരസ്കരിച്ച് സത്യസ്രഷ്ടാവിലേക്കു തിരിയുവാനുള്ള പ്രേരണയുടെ സ്രോതസ്സായി അക്കാലത്തും സമയാധിഷ്ഠിത പ്രാർഥന വർത്തിച്ചിരുന്നു. സമ്പത്തിന്റെയും ശേഷിയുടെയും വിനിയോഗത്തിൽ തെറ്റായ ശീലങ്ങളിൽനിന്നും മൂല്യാധിഷ്ഠിത സമീപനങ്ങളിലേക്കു പരിണമിക്കുവാനുള്ള ശക്തമായ പ്രേരണയും ആ ആരാധനയിൽനിന്നു ലഭ്യമായിരുന്നു.

ശുഐബ് നബി(അ)യെ സഹനശീലനും വിവേകിയുമായി അംഗീകരിക്കുവാൻ ശത്രുപക്ഷത്തുള്ള അവിശ്വാസികൾ പോലും നിർബന്ധിതരായിത്തീരുമാറ് പ്രാർഥന അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ അടയാളമായി കഴിഞ്ഞിരുന്നു. പരിഹാസപൂർവമാണെങ്കിലും, ശുഐബ് നബി(അ)യുടെ മഹത്ത്വം അംഗീകരിക്കുന്ന പ്രസ്താവനകൾ വിരോധികളിൽനിന്ന് ഉണ്ടായത് പ്രാർഥനയുടെ സ്വാധീനഫലമാണ്.

''എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ! എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ'' (14:40).

**പൂർവ പ്രവാചകൻമാരിൽ ഒരാളായ ശുഐബ് നബി(അ) യോട് തന്റെ പ്രബോധിത ജനത ചോദിക്കുന്നത് വിശുദ്ധ ക്വുർആൻ ഉദ്ധരിക്കുകയാണ്. സമയാധിഷ്ഠിതമായ ആരാധന എന്ന നിലയിൽ സ്വലാത്ത് അഥവാ നമസ്കാരം ആ പ്രവാചകനിലും അദ്ദേഹത്തിന്റെ സംസ്കാരത്തിലും ചെലുത്തിയിരുന്ന സ്വാധീനം അദ്ദേഹത്തിന്റെ പ്രതിയോഗികളുടെ ചോദ്യത്തിൽ പ്രതിഫലിക്കുന്നുണ്ട്. പൂർവികർ ആരാധിച്ചുവന്നിരുന്ന മിഥ്യാസങ്കൽപങ്ങളെ തിരസ്കരിച്ച് സത്യസ്രഷ്ടാവിലേക്കു തിരിയുവാനുള്ള പ്രേരണയുടെ സ്രോതസ്സായി അക്കാലത്തും സമയാധിഷ്ഠിത പ്രാർഥന വർത്തിച്ചിരുന്നു. സമ്പത്തിന്റെയും ശേഷിയുടെയും വിനിയോഗത്തിൽ തെറ്റായ ശീലങ്ങളിൽനിന്നും മൂല്യാധിഷ്ഠിത സമീപനങ്ങളിലേക്കു പരിണമിക്കുവാനുള്ള ശക്തമായ പ്രേരണയും ആ ആരാധനയിൽ നിന്നു ലഭ്യമായിരുന്നു.**

ദൈവദൂതൻമാരിൽ ശ്രേഷ്ഠ വ്യക്തിത്വത്തിന്നുടമയായ ഇബ്റാഹീം നബി(അ)യുടെ പ്രാർഥനകളിൽ ഒന്നാണിത്. തന്നെയും തന്റെ സന്താനപരമ്പരകളെയും നമസ്കാരത്തിന്റെ ചൈതന്യം ആർജിച്ചവരാക്കി മാറ്റുവാൻ സർവശക്തനോടു പ്രാർഥിച്ച ഇബ്റാഹിം നബി(അ)യുടെ പ്രാർഥനകൾ ചരിത്രത്തെ മാറ്റിമറിച്ചവയാണ്. ഏകദൈവവിശ്വാസികളായ ഒരു ജനസമൂഹത്തെ ഭൂമിയുടെ അങ്ങോളമിങ്ങോളം ആവിർഭവിപ്പിച്ചുകൊണ്ട് ആ പ്രവാചകശ്രേഷ്ഠന്റെ ആഗ്രഹവും പ്രാർഥനയും പ്രപഞ്ചനാഥൻ പൂർത്തീകരിച്ചു കൊടുത്തതായി ചരിത്രത്തിൽനിന്നു മനസ്സിലാക്കാം.

ഇങ്ങനെ, ഈസാ നബി(അ)യും മൂസാനബി(അ)യും അടക്കമുള്ള പൂർവകാലത്തെ എല്ലാ ദൂതന്മാരും ദൈവിക മാർഗദർശനമനുസരിച്ച് പ്രാർഥന അഥവാ നമസ്കാരം നിർവഹിച്ചിരുന്നു എന്ന് ക്വുർആനിൽനിന്ന് മനസ്സിലാക്കാൻ കഴിയും. അന്ത്യദൂതനായ മുഹമ്മദ് നബി(സ്വ)യോട് സ്രഷ്ടാവ് അനുശാസിച്ചത്, പൂർവകാലത്തിന്റെ ആ തുടർച്ചയിൽ നിന്നുകൊണ്ട് പ്രാർഥനയിലൂടെ മനുഷ്യജന്മത്തെ അർഥവത്താക്കുവാനാണ്. പ്രപഞ്ചനാഥനെ സ്മരിക്കുകയും അനുസരിക്കുകയും ആ മഹാശക്തിയുമായി മനുഷ്യന് സാധിക്കും വിധം ബന്ധം നിലനിർത്തുകയും ചെയ്യുന്നതിന് ഒരു ഉപാധിയും മാർഗവുമാണ് അഞ്ചുനേരത്തെ നമസ്കാരങ്ങൾ. ചരിത്രത്തിലുടെയും പൂർവകാലത്തിലൂടെയും മാനവതയെ പിന്തുടർന്നുവന്നിട്ടുള്ള മോക്ഷത്തിന്റെയും ദൈവപ്രീതിയുടെയും ഈ അനന്യമായ ആത്മീയോപാധിയെ സംബന്ധിച്ച് വർത്തമാന കാല മനുഷ്യരിൽ ചിലർ പുലർത്തുന്ന അശ്രദ്ധയും നിസ്സംഗതയും എത്രമാത്രം കുറ്റകരവും സ്വന്തം ആത്മാവിനോടുതന്നെയുള്ള നിരുത്തരവാദിത്തവുമാണെന്ന് വിവേകമതികളായ സത്യാന്വേഷികൾ ചിന്തിക്കേണ്ടതുണ്ട്. ■



വനിതാപഥം

ജീവിത യാത്രയിൽ പലതും ചെയ്യാനുണ്ട്. ചെറുപ്പകാലത്ത് ഒരു നല്ല മകളായി ജീവിക്കണം. വിവാഹം കഴിഞ്ഞാൽ നല്ല ഇണയാകണം, നല്ല മരുമകളാവണം. മക്കളുണ്ടാകുമ്പോൾ നല്ല മാതാവാകണം. മകന്റെ വിവാഹം കഴിയുമ്പോൾ വീട്ടിലേക്ക് വരുന്ന പെൺകുട്ടിക്ക് നല്ല ഒരു അമ്മായിയുമ്മയായി മാറണം. ജീവിത തിരക്കുകൾക്കിടിയിലും ആരാധനകൾക്ക് കുറവുണ്ടാകരുത്. മതപരമായി അറിവുതേടാൻ മടിയുണ്ടാകരുത്. അറിവുള്ള കാര്യം താനുമായി ബന്ധപ്പെട്ടവർക്ക് പറഞ്ഞുകൊടുക്കുന്ന പ്രബോധകയാവാൻ മറക്കരുത്.

# സഹോദരിമാരോട്

സമീർ മുണ്ടേരി

ഒരു സ്ത്രീക്ക് പ്രസവവേദന വന്നാൽ അവളെയും കൂട്ടി ഭർത്താവ് മുമ്പ് താൻ കുഴിച്ചുവച്ച ഒരു കുഴിയുടെ മുന്നിലേക്ക് ചെല്ലും. ആ കുഴിയുടെ സമീപത്തുവച്ച് അവൾ പ്രസവിക്കും. ജനിച്ചുവീണത് പെൺകുട്ടിയാണെങ്കിൽ ആ കുഞ്ഞിനെ ജീവനോടെ കുഴിയിലേക്ക് തട്ടിയിട്ട് കുഴി മണ്ണിട്ടുമൂടും. ആൺകുട്ടിയാണെങ്കിൽ കുഞ്ഞിനെയും എടുത്ത് സന്തോഷത്തോടെ അവർ വീട്ടിലേക്ക് മടങ്ങും. ജാഹിലിയ്യ കാലത്ത് അറേബ്യയിൽ ഇങ്ങനെ ചെയ്യുന്ന ചിലരുണ്ടായിരുന്നു. അവർ പെൺകുട്ടികൾ ജനിക്കുന്നതിനെ അപമാനമായി കണ്ടിരുന്നു.

“അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽനിന്ന് അവൻ ഒളിച്ച് കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല അതിനെ മണ്ണിൽ കുഴിച്ച് മൂടണമോ (എന്നതായിരിക്കും അവന്റെ ചിന്ത). ശ്രദ്ധിക്കുക: അവർ എടുക്കുന്ന തീരുമാനം എത്ര മോശം!” (ക്വുർആൻ 16: 58,59).

സ്ത്രീകളെ ഒട്ടും പരിഗണിക്കാത്ത കാലത്താണ് മുഹമ്മദ് നബി(സ്വ) പ്രവാചകനായി ആ സമൂഹത്തിലേക്ക് കടന്നുവരുന്നത്. സ്ത്രീകൾക്കുള്ള അവകാശങ്ങളും അവരോടുള്ള കടമകളും എന്തൊക്കെയെന്ന് 23 വർഷത്തെ പ്രവാചകജീവിതത്തിനിടയിൽ മാനവസമൂഹത്തെ പ്രവാചകൻ (സ്വ) പഠിപ്പിച്ചു. സ്ത്രീ പുരുഷന്റെ കൂടെപ്പിറപ്പാണെന്നും അവരോട് ഏറ്റവും നന്നായി പെരുമാറണമെന്നും നബി(സ്വ) സമൂഹത്തെ പഠിപ്പിച്ചു. ഇസ്‌ലാമിക ചരിത്രം വായിക്കുമ്പോൾ വിജ്ഞാന മേഖലയിലും പ്രബോധന പ്രവർത്തന മേഖലയിലും വലിയ പങ്ക് വഹിച്ചിട്ടുള്ള സ്ത്രീകളെ നമുക്ക് കാണാൻ സാധിക്കും.

ഇസ്‌ലാമിലേക്ക് ആദ്യം കടന്നുവന്നത് ഒരു സ്ത്രീയാണ്; ഖദീജ(റ) എന്ന പ്രവാചക പത്നി. ഇസ്‌ലാമിലെ ആദ്യ രക്തസാക്ഷി ഒരു സ്ത്രീയാണ്; സുമയ്യ(റ) എന്ന മഹതി. വൈജ്ഞാനിക മേഖലയിൽ ആഇശ(റ)യുടെ സംഭാവനകൾ വാക്കുകൾക്ക് അതീതമാണ്.

**വർത്തമാനകാലവും സ്ത്രീസമൂഹവും**

നല്ല ഇണയായും മാതാവായും മകളായും പ്രബോധകയായും ഇസ്‌ലാമിക മര്യാദകൾ പാലിച്ചുകൊണ്ട് ജീവിക്കുന്ന അനേകം സഹോദരിമാരുണ്ട് എന്നത് വിസ്മരിക്കാതെ ചില കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുകയാണ്.

'ബുദ്ധിയിലും കഴിവിലും ഞങ്ങൾക്ക് പോരായ്മകളുണ്ട്. ഇസ്‌ലാമിക പ്രബോധനവും വിജ്ഞാന സമ്പാദനവും പുരുഷന്മാർ ചെയ്യട്ടെ, ഞങ്ങൾക്ക് അതിനൊന്നും നേരമില്ല' എന്ന് പറയാതെ പറയുന്ന സ്ത്രീകൾ സമൂഹത്തിലുണ്ട്. നന്മക്ക് വേണ്ടി ഉപയോഗപ്പെടുത്തേണ്ട സമയവും ആരോഗ്യവും ഏഷണിയും പരദൂഷണവും പറഞ്ഞ് തിന്മ വിലയ്ക്ക് വാങ്ങുന്നവരുമുണ്ട്. മൊബൈലിൽ അനാവശ്യമായി ഏറെ സമയം ചെലവഴിക്കുന്നവരുണ്ട്. അനാവശ്യമായ ബന്ധങ്ങളിൽ ചെന്നു ചാടി ദാമ്പത്യജീവിതം നശിപ്പിക്കുന്നവരുണ്ട്. അത്തരക്കാർ അല്ലാഹുവിനെ ഭയപ്പെട്ട് ജീവിതം നന്മയിൽ ചിട്ടപ്പെടുത്താൻ തയ്യാറാകേണ്ടതുണ്ട്.

**സ്ത്രീകളെ ഒട്ടും പരിഗണിക്കാത്ത കാലത്താണ് മുഹമ്മദ് നബി(സ്വ) പ്രവാചകനായി ആ സമൂഹത്തിലേക്ക് കടന്നുവരുന്നത്. സ്ത്രീകൾക്കുള്ള അവകാശങ്ങളും അവരോടുള്ള കടമകളും എന്തൊക്കെയെന്ന് 23 വർഷത്തെ പ്രവാചകജീവിതത്തിനിടയിൽ മാനവസമൂഹത്തെ പ്രവാചകൻ (സ്വ) പഠിപ്പിച്ചു. സ്ത്രീ പുരുഷന്റെ കൂടെപ്പിറപ്പാണെന്നും അവരോട് ഏറ്റവും നന്നായി പെരുമാറണമെന്നും നബി(സ്വ) സമൂഹത്തെ പഠിപ്പിച്ചു. ഇസ്‌ലാമിക ചരിത്രം വായിക്കുമ്പോൾ വിജ്ഞാന മേഖലയിലും പ്രബോധന പ്രവർത്തന മേഖലയിലും വലിയ പങ്ക് വഹിച്ചിട്ടുള്ള സ്ത്രീകളെ നമുക്ക് കാണാൻ സാധിക്കും.**

മകൾ ഫാത്വിമ(റ)യോട് നബി(സ്വ) പറഞ്ഞത് 'മോളേ, നിന്റെ ശരീരത്തെ നരകത്തിൽനിന്നും നീ തന്നെ കാത്തുരക്ഷിക്കണം' എന്നാണ്. പരലോകത്ത് ആരും നമുക്ക് തുണയുണ്ടാവില്ല. കൂടെ ജീവിച്ച ഭർത്താവ്, പോറ്റിവളർത്തിയ മാതാപിതാക്കൾ, താങ്ങും തണലുമായി ചേർത്തുപിടിച്ച സഹോദരങ്ങൾ... അവരാരും പരലോകത്ത് നമുക്ക് തുണയായി വരില്ലെന്ന് ക്വുർആൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. പരലോകത്തെ വിജയത്തിന് നമുക്ക് എന്തു ചെയ്യാൻ സാധിക്കും എന്ന് ആലോചിക്കുക.

**അറിവുനേടുക**

നബി(സ്വ) നടത്തിയ ഒരു പ്രാർഥന ഇങ്ങനെ പരിഭാഷപ്പെടുത്താം: "അല്ലാഹുവേ, ഉപകാരപ്രദമായ വിജ്ഞാനവും വിശുദ്ധിയുള്ള ഉപജീവനവും (നീ) സ്വീകരിക്കുന്ന അനുഷ്ഠാനങ്ങളും നിന്നോട് ഞാൻ ചോദിക്കുന്നു" (ബുഖാരി).

അറിവിന് വലിയ പ്രാധാന്യമാണ് ഇസ്‌ലാം നൽകുന്നത്. അറിവ് അന്വേഷിക്കുക എന്നത് വിശ്വാസിയുടെ ബാധ്യതയാണെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്. അത് ജീവിതത്തിൽ പ്രാവർത്തികമാക്കിയവരാണ് സ്വഹാബ വനിതകൾ.

അബൂസഈദ് അൽഖുദ്‌രി(റ)യിൽനിന്ന് നിവേദനം: "സ്ത്രീകൾ അല്ലാഹുവിന്റെ പ്രവാചകനോട് പറഞ്ഞു: 'ഞങ്ങളെക്കാൾ പുരുഷന്മാരാണ് താങ്കളിലേക്ക് അധികമായും വരാറുള്ളത്. അതുകൊണ്ട് താങ്കൾതന്നെ ഞങ്ങൾക്ക് ഒരു ദിവസം നിശ്ചയിച്ചുതരണം.' അപ്പോൾ നബി(സ്വ) അവരെ അഭി



മുഖീകരിക്കുവാനായി ഒരു ദിവസം നിശ്ചയിച്ചുകൊടുക്കുകയും അവർക്ക് ഉപദേശങ്ങളും കൽപനകളും നൽകുകയും ചെയ്തു" (ബുഖാരി).

ഇബ്നുഹജർ(റഹി) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: "മതകാര്യങ്ങൾ പഠിക്കുവാൻ സ്വഹാബാവനിതകൾ കാണിച്ച അങ്ങേയറ്റത്തെ താൽപര്യത്തെ ഈ ഹദീസ് അറിയിക്കുന്നുണ്ട്."

അൻസ്വാരി സ്ത്രീകളെക്കുറിച്ച് ആഇശ(റ) ഇപ്രകാരം പറഞ്ഞു: "അൻസ്വാരി സ്ത്രീകൾ എത്ര നല്ലവരാണ്! മതം പഠിക്കുന്ന കാര്യത്തിൽ ലജ്ജ അവരെ തടയുകയില്ല" (ബുഖാരി).

മതപരമായ അറിവുകൾ നേടാൻ അവർ മടികാണിച്ചില്ല. അറിയേണ്ടതെല്ലാം നബി(സ്വ)യോട് ചോദിച്ചും മനസ്സിലാക്കിയുമാണ് അവർ ജീവിച്ചത്.

ഉമ്മുസലമ(റ)യിൽനിന്ന് നിവേദനം: "ഉമ്മുസുലൈം(റ) അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ അടുക്കൽ വന്ന് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അല്ലാഹു സത്യത്തിന്റെ കാര്യത്തിൽ ലജ്ജിക്കാത്തവനാണല്ലോ, സ്ത്രീക്ക് സ്വപ്നസ്ഖലനം സംഭവിച്ചാൽ അവൾ കുളിക്കേണ്ടതുണ്ടോ?' നബി(സ്വ) പറഞ്ഞു: 'അതെ, അവൾ ഇന്ദ്രിയം കണ്ടാൽ (കുളിക്കണം)" (ബുഖാരി).

അറിവുനേടാൻ അവർ കാണിച്ച താൽപര്യമാണ് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നത്. നമ്മളും അറിവുനേടുക. റബ്ബിനെ സൂക്ഷിച്ചു ജീവിക്കുവാനും പരലോക വിജയത്തിനും അറിവ് അനിവാര്യമാണ്. നേടിയ അറിവുകൾ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുക എന്നതും നമ്മുടെ ബാധ്യതയാണ്.

**ഇസ്‌ലാമിക പ്രബോധനം**

'ഇക്‌റഅ്' (നീ വായിക്കുക) എന്ന് തുടങ്ങുന്ന വിശുദ്ധ ക്വുർആനിലെ ആദ്യവചനങ്ങൾ അവതീർണമായ സമയം, ഭയന്നുവിറച്ച് നബി(സ്വ) ഓടിയെത്തിയത് ഭാര്യയായ ഖദീജ(റ)യുടെ സമീപത്തേക്കായിരുന്നു. നബി(സ്വ)യെ



ആശ്വസിപ്പിച്ച് പ്രബോധന മേഖലയിൽ കരുത്തായി ഖദീജ(റ) മാറി. സമ്പത്തു കൊണ്ടും ശരീരംകൊണ്ടും നബി(സ്വ)ക്ക് അവർ മരണം വരെ പിന്തുണ നൽകി.

പത്തൊമ്പത് വയസ്സാകുമ്പോഴേക്കും ആഇശ(റ) മതവിജ്ഞാന മേഖലയിൽ ഒരു അത്ഭുതമായി മാറിയിരുന്നു. നബി(സ്വ)യുടെ മരണശേഷം ആദർശ പ്രബോധന രംഗത്ത് ശക്തമായി നിലകൊള്ളുകയും ഇസ്‌ലാമിക വിജ്ഞാനം അടുത്ത തലമുറക്ക് എത്തിച്ചുകൊടുക്കുവാൻ പരിശ്രമിക്കുകയും ചെയ്ത ആമഹതി പ്രബോധനരംഗത്ത് സ്ത്രീകൾക്ക് മികച്ച മാതൃകയാണ്.

ഇമാം സുഹ്‌രി(റഹി) ആഇശ(റ)യെക്കുറിച്ച് പറഞ്ഞത് ഇവിടെ പ്രസക്തമാണ്: "ലോകത്തുള്ള സകല സ്ത്രീകളുടെയും വിജ്ഞാനവും ആഇശ(റ)യുടെ വിജ്ഞാനവും തുലനം ചെയ്താൽ ആഇശ(റ)യുടെ വിജ്ഞാനത്തിനായിരിക്കും മാറ്റ് കൂടുതൽ."

ഇന്നലെകളിൽ കഴിഞ്ഞുപോയ വനിതകൾ നല്ല ഭാര്യയും നല്ല മകളും നല്ല ഉമ്മയും സഹോദരിയുമായെല്ലാം ജീവിച്ചവരായിരുന്നു. നമ്മൾ അവരിൽനിന്നും മാതൃക ഉൾക്കൊള്ളുക.

ഇസ്‌ലാമിക പ്രബോധനം എന്നു പറഞ്ഞാൽ കേവലം പ്രഭാഷണങ്ങളും ദഅവാ സ്‌കോഡുകളും യോഗങ്ങളും മാത്രമാണെന്ന് നാം തെറ്റിദ്ധരിക്കരുത്. അതെല്ലാം പ്രബോധന മേഖലയിൽ ഒഴിവാക്കാൻ കഴിയാത്ത കാര്യങ്ങൾ തന്നെയാണ്. എന്നാൽ ഒരു സ്ത്രീയെ സംബന്ധിച്ച് ഇത്തരം മേഖലകളിൽ ധാരാളം പരിമിതികൾ

**'ബുദ്ധിയിലും കഴിവിലും ഞങ്ങൾക്ക് പോരായ്മകളുണ്ട്. ഇസ്‌ലാമിക പ്രബോധനവും വിജ്ഞാന സമ്പാദനവും പുരുഷന്മാർ ചെയ്യട്ടെ, ഞങ്ങൾക്ക് അതിനൊന്നും നേരമില്ല' എന്ന് പറയാതെ പറയുന്ന സ്ത്രീകൾ സമൂഹത്തിലുണ്ട്. നന്മക്ക് വേണ്ടി ഉപയോഗപ്പെടുത്തേണ്ട സമയവും ആരോഗ്യവും ഏഷണിയും പരദൂഷണവും പറഞ്ഞ് തിന്മ വിലയ്ക്ക് വാങ്ങുന്നവരുമുണ്ട്. മൊബൈലിൽ അനാവശ്യമായി ഏറെ സമയം ചെലവഴിക്കുന്നവരുണ്ട്. അനാവശ്യമായ ബന്ധങ്ങളിൽ ചെന്നു ചാടി ദാമ്പത്യജീവിതം നശിപ്പിക്കുന്നവരുണ്ട്. അത്തരക്കാർ അല്ലാഹുവിനെ ഭയപ്പെട്ട് ജീവിതം നന്മയിൽ ചിട്ടപ്പെടുത്താൻ തയ്യാറാകേണ്ടതുണ്ട്.**

അവർക്കുണ്ട്. സ്ത്രീകൾക്ക് ചെയ്യാൻ സാധിക്കുന്ന ധാരാളം പ്രബോധന പ്രവർത്തനങ്ങളുണ്ട്. ഇമാം ശാഫീഈ എന്ന മഹാ പണ്ഡിതനെ ഈ ലോകത്തിന് സമ്മാനിച്ചത് അദ്ദേഹത്തിന്റെ മാതാവിന്റെ കഠിനമായ പരിശ്രമമാണ്. അറബി ഭാഷയിൽ അദ്ദേഹത്തിന് കഴിവ് ലഭിക്കാൻ ആ ഭാഷ സംസാരിക്കുന്ന ആളുകളുടെ ഇടയിലേക്ക് അവർ അവരുടെ ജീവിതംതന്നെ പറിച്ചുനട്ടു.

മക്കളെ, ഭർത്താവിനെ, സഹോദരങ്ങളെ ഇസ്‌ലാമിക വിജ്ഞാനമുള്ളവരാക്കുക വഴി ഒരു സ്ത്രീ പ്രബോധന മേഖലയിൽ വലിയ സേവനമാണ് ചെയ്യുന്നത്. സ്വയം പഠിച്ചും പഠിപ്പിച്ചും പ്രബോധന മേഖലയിൽ തങ്ങളാൽ കഴിയുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുക.

**വീടും അയൽപക്കവും**

സ്ത്രീകളിൽ അധികപേരും പൊതുവെ കൂടുതൽ സമയം കഴിച്ചുകൂട്ടുന്നത് അവരുടെ വീടുകളിലാണ്. അതുകൊണ്ട് തന്നെ വീടുമായും അയൽവാസികളുമായും എങ്ങനെയായിരിക്കണം തങ്ങളുടെ പെരുമാറ്റം എന്നത് എല്ലാ സഹോദരികളും പഠിച്ചിരിക്കേണ്ടതുണ്ട്.

അയൽപക്കത്തുള്ളവരെക്കുറിച്ച് കൂടുതലായി ഒന്നും അറിയാത്ത കാലമാണിത്. അയൽപക്കത്തെ വീട്ടിൽനിന്നും ദുർഗന്ധം വമിച്ചപ്പോഴാണ് അവിടെയുള്ള വ്യക്തിയുടെ മരണം പോലും തൊട്ടടുത്ത് താമസിക്കുന്നവർ അറിഞ്ഞത് എന്ന് പത്രമാധ്യമങ്ങളിലൂടെ അറിഞ്ഞവരാണ് നാം.

നമുക്ക് നമ്മുടെ അയൽവാസികളെയെല്ലാം പരിചയമുണ്ടോ? അവരോടുള്ള കടമകൾ നാം നിർവഹിക്കാറുണ്ടോ? നമ്മൾ കാരണം അവർക്ക് വല്ല പ്രയാസവും ഉണ്ടാകുന്നുണ്ടോ?

നബി(സ്വ)യുടെ അയൽവാസിയായിരുന്ന ഒരു വ്യക്തി അദ്ദേഹത്തിന്റെ അനുഭവം പറയുന്നത് ചരിത്രത്തിൽ നമുക്കിങ്ങനെ വായിക്കാം: "ഞാനൊരിക്കലും അവരുടെ (നബിയുടെയും ഖദീജയുടെയും) വീട്ടിൽനിന്നും ശബ്ദമുയരുന്നത് കേട്ടിട്ടില്ല; ഒരു തവണയല്ലാതെ. അന്ന് നബി(സ്വ) ഖദീജയോട് ഇങ്ങനെ പറയുന്നുണ്ടായിരുന്നു: 'ഖദീജാ, അല്ലാഹുവാണെ! ഞാനൊരിക്കലും ലാത്തയെ വിളിക്കില്ല, ഉസ്സയെ വിളിക്കില്ല.' ആദർശത്തിൽ വെള്ളം ചേർക്കാൻ മക്കയിലെ മുശ്രിക്കുകൾ ആവശ്യപ്പെട്ട കാലമാണത്.

ഈ ചരിത്രത്തിൽ സ്ത്രീകൾക്കൊരു പാഠമുണ്ട്. നബി(സ്വ)യും കൂടെ ജീവിച്ച ഖദീജ(റ)യും കാരണം അയൽവാസികൾക്ക് ശബ്ദംകൊണ്ടുപോലും ശല്യമുണ്ടായിരുന്നില്ല എന്ന പാഠം.

എങ്ങനെയാണ് സഹോദരീ, നമ്മുടെ അയൽവാസികളുമായി നമുക്കുള്ള ബന്ധം? 'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറച്ച് ആഹരിക്കുന്നവർ എന്നിൽ പെട്ടവനല്ല' എന്ന് പഠിപ്പിച്ച നബി(സ്വ)യുടെ അനുയായികളാണ് നാം. അവരോടുള്ള കടമകൾ നിർവഹിക്കുക, അവരുമായുള്ള നല്ല ബന്ധംവഴി സ്വർഗത്തിലേക്ക് വിഭമൊരുക്കാൻ തയ്യാറാവുക.

അയൽവാസികളായ സ്ത്രീകളുമായി ചേർന്ന് മറ്റുള്ളവരെ പരിഹസിച്ചും ഏഷണി പറഞ്ഞുംസമയം നഷ്ടപ്പെടുത്തരുത്. ആ ശീലം പലരിലും കണ്ടുവരുന്നുണ്ട്. അതുമുഖേന നഷ്ടപ്പെടുന്നത് നമ്മുടെ കർമങ്ങളും പരലോകവിജയവുമാണെന്ന് മറക്കാതിരിക്കുക.

സഹോദരീ, കടമകൾ മറക്കാതിരിക്കുക. ജനിച്ചുവീണതുമുതൽ മരണംവരെയുള്ള ഒരു യാത്രയിലാണ് നാം. യാത്ര അവസാനിപ്പിച്ച് മരണമില്ലാത്ത മറ്റൊരു ലോകത്തേക്ക് യാത്ര പോകേണ്ടവർ...

ജീവിത യാത്രയിൽ പലതും ചെയ്യാനുണ്ട്. ചെറുപ്പകാലത്ത് ഒരു നല്ല മകളായി ജീവിക്കണം. വിവാഹം കഴിഞ്ഞാൽ നല്ല ഇണയാകണം, നല്ല മരുമകളാവണം. മക്കളുണ്ടാകുമ്പോൾ നല്ല മാതാവാകണം. മകന്റെ വിവാഹം കഴിയുമ്പോൾ വീട്ടിലേക്ക് വരുന്ന പെൺകുട്ടിക്ക് നല്ല ഒരു അമ്മായിയുമ്മയായി മാറണം. ജീവിത തിരക്കുകൾക്കിടിയിലും ആരാധനകൾക്ക് കുറവുണ്ടാകരുത്. മതപരമായി അറിവുതേടാൻ മടിയുണ്ടാകരുത്. അറിവുള്ള കാര്യം താനുമായി ബന്ധപ്പെട്ടവർക്ക് പറഞ്ഞുകൊടുക്കുന്ന പ്രബോധകയാവാൻ മറക്കരുത്. ■

**ഇസ്‌ലാമിക പ്രബോധനം എന്നു പറഞ്ഞാൽ കേവലം പ്രഭാഷണങ്ങളും ദഅവാ സ്‌കോഡുകളും യോഗങ്ങളും മാത്രമാണെന്ന് നാം തെറ്റിദ്ധരിക്കരുത്. അതെല്ലാം പ്രബോധന മേഖലയിൽ ഒഴിവാക്കാൻ കഴിയാത്ത കാര്യങ്ങൾ തന്നെയാണ്. എന്നാൽ ഒരു സ്ത്രീയെ സംബന്ധിച്ച് ഇത്തരം മേഖലകളിൽ ധാരാളം പരിമിതികൾ അവർക്കുണ്ട്. സ്ത്രീകൾക്ക് ചെയ്യാൻ സാധിക്കുന്ന ധാരാളം പ്രബോധന പ്രവർത്തനങ്ങളുണ്ട്. ഇമാം ശാഫീഈ എന്ന മഹാപണ്ഡിതനെ ഈ ലോകത്തിന് സമ്മാനിച്ചത് അദ്ദേഹത്തിന്റെ മാതാവിന്റെ കഠിനമായ പരിശ്രമമാണ്. അറബി ഭാഷയിൽ അദ്ദേഹത്തിന് കഴിവ് ലഭിക്കാൻ ആ ഭാഷ സംസാരിക്കുന്ന ആളുകളുടെ ഇടയിലേക്ക് അവർ അവരുടെ ജീവിതംതന്നെ പറിച്ചുനട്ടു. മക്കളെ, ഭർത്താവിനെ, സഹോദരങ്ങളെ ഇസ്‌ലാമിക വിജ്ഞാനമുള്ളവരാക്കുക വഴി ഒരു സ്ത്രീ പ്രബോധന മേഖലയിൽ വലിയ സേവനമാണ് ചെയ്യുന്നത്. സ്വയം പഠിച്ചും പഠിപ്പിച്ചും പ്രബോധന മേഖലയിൽ തങ്ങളാൽ കഴിയുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുക.**




# മാനസിക വിമന്ദനം

ഡോ. മുനവ്വർ

മാനസിക വിമന്ദനത്തിനു കാരണമായിട്ടുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ താഴെ വിവരിക്കുന്നു:

*1) ഗർഭസ്ഥ ജീവിതഘട്ടത്തിലെ പ്രശ്നങ്ങൾ (Problems During Prenatal Period)*

ഗർഭത്തിൽ കഴിയുമ്പോൾ മാതാവിന് വേണ്ടത്ര പോഷകാഹാരം ലഭിക്കാതിരിക്കുക, മഞ്ഞപ്പിത്തം പോലുള്ള രോഗം, കടുത്ത മാനസികസമ്മർദം, ഉൽക്കണ്ഠ എന്നിവയ്ക്ക് വിധേയമാകുക തുടങ്ങിയവ ശിശുവിന്റെ വളർച്ചയെയും വികാസത്തെയും പ്രതികൂലമായി ബാധിക്കും. ഗർഭകാലത്ത് മാതാവ് സിഗരറ്റ്, മദ്യം, ചില കടുത്ത മരുന്നുകൾ എന്നിവ ഉപയോഗിക്കുന്നതും ശിശുക്കളിൽ മാനസിക വിമന്ദനത്തിനു കാരണമാകാവുന്നതാണ്.

*2) പ്രസവസമയത്തുണ്ടാകുന്ന തകരാറുകൾ (Complications During Child Birth)*

പ്രസവസമയത്തു മാതാവിനു പലതരം വിപത്തുകൾ അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. ചിലപ്പോൾ ഓപ്പറേഷൻതന്നെ വേണ്ടിവന്നേക്കാം. പ്രസവസമയത്ത് ശിശുവിനെ പുറത്തെടുക്കുന്നതിനു പലപ്പോഴും കൊടിൽ (Forceps) ഉപയോഗിക്കേണ്ടിവരും. കൊടിൽ ഉപയോഗിക്കുമ്പോൾ ശിശുക്കളുടെ തലയ്ക്ക് പരിക്കേൽക്കാൻ സാധ്യതയുണ്ട്. പ്രസവസമയത്ത് കൊടിൽ ഉപയോഗിക്കുകമൂലം തലയ്ക്ക് ഉണ്ടാകുന്ന പരിക്ക് മാനസിക വിമന്ദനത്തിനു കാരണമാകാവുന്നതാണ്.

*3) ശൈശവത്തിലും ബാല്യത്തിലും ഉണ്ടാകുന്ന അപകടങ്ങൾ (Accidents During Infancy and Childhood)*

ശൈശവത്തിലും ബാല്യത്തിലും ശിശുസംരക്ഷണത്തിൽ വേണ്ടവിധം ശ്രദ്ധിക്കാതിരുന്നാൽ കട്ടിലിൽ നിന്നും കോണിപ്പടികളിൽനിന്നും വീണ് കുട്ടികൾക്ക് പരിക്കേൽക്കാൻ സാധ്യതയുണ്ട്. ചിലപ്പോൾ മറ്റു കുട്ടികളുടെ കൈയിൽ നിന്നോ അമ്മയുടെയോ ശിശുസംരക്ഷകയുടെയോ ഒക്കത്തുനിന്നോ ശിശുക്കൾക്ക് വീഴ്ച സംഭവിക്കാറുണ്ട്. സർവസാധാരണമായിട്ടുള്ള ഇത്തരം സംഭവങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുകയാണു പതിവ്. പരിക്കുകൾ ഉണ്ടാകാതെ സൂക്ഷിക്കുന്നതിനും അങ്ങനെ സംഭവിച്ചാൽ അതിനെ ഗൗരവപൂർവം കണ്ട് ആവശ്യമായ ചികിത്സ നൽകുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

*4) ജനിതക തകരാറുകൾ (Genetic Defects)*

മാനസിക വിമന്ദനത്തിനു ജനിതക ഘടകങ്ങളും കാരണമാകാറുണ്ട്. ക്രോമസോമുകളിൽ കാണുന്ന പലതരം അപസാമാന്യതകളും മാനസിക വിമന്ദനത്തിനു വഴിതെളിക്കാറുണ്ട്. ക്രോമസോമുകളിൽ ഇത്തരം അപസാമാന്യത എങ്ങനെ കടന്നുകൂടുന്നു എന്നതിനെ സംബന്ധിച്ചു ശരിയായ അറിവ് ഇപ്പോഴും ലഭ്യമല്ല. സാധാരണഗതിയിൽ ജീനുകൾ ശരീരത്തിലെ എൻസൈം സംവിധാനങ്ങളെയും രാസപ്രവർത്തന ങ്ങളെയും നിയന്ത്രിച്ചാണ് അതിന്റെ പ്രവർത്തനഫലം ഉളവാക്കുന്നത്. ഗർഭധാരണ സമയത്തുള്ള മാതാവിന്റെ ഉയർന്ന പ്രായവും ക്രോമസോമുകളിലെ അപസാമാന്യതയും തമ്മിൽ ബന്ധമുള്ളതായി ചില ജനിതക പഠനങ്ങൾ സൂചിപ്പിക്കുന്നു. തലച്ചോറിന്റെയും ഹൃദയത്തിന്റെയും മറ്റുപല ശാരീരികഭാഗങ്ങളുടെയും വികാസത്തിലുണ്ടാകുന്ന പല അപാകതകൾക്കും കാരണം ജനിതക അപസാമാന്യതയാണ്.

മാനസിക വിമന്ദനം ബാധിച്ചിട്ടുള്ളവരിൽ ഏറിയപങ്കും നേരത്തെ മരണപ്പെടുകയാണു പതിവ്. സ്വാഭാവികമായിട്ടുള്ള പ്രതിരോധശേഷിയുടെ കുറവാണ് ഇതിനുള്ള ഒരു പ്രധാന കാരണം. രണ്ടു മുതൽ നാലു ശതമാനംവരെയുള്ള കടുത്ത മാനസിക വിമന്ദനത്തിനു കാരണം ജൈവഘടകങ്ങളുടെ തകരാറുകളാണെന്നും കണക്കാക്കിയിട്ടുണ്ട്.

*5) സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ (Socio-Cultural Factors)*

മോശമായ ചുറ്റുപാടുകളിൽ വളർന്നുവരുന്ന കുട്ടികൾ ബുദ്ധിപരമായി വളരെ പിന്നാക്കം നിൽക്കുന്നതായിട്ടാണ് കാണപ്പെടുന്നത്. ഇവർക്ക് ലഭ്യമാകുന്ന സാഹചര്യങ്ങൾ മാറ്റമില്ലാത്തതും വിരസത അനുഭവപ്പെടുന്നതുമായിരിക്കും. സ്നേഹപൂർവം ഇവരെ പരിചരിക്കാൻ ആരുംതന്നെ ഉണ്ടായിരിക്കുകയുമില്ല. താൽപര്യം ജനിപ്പിക്കുന്നതും ബുദ്ധിവികാസത്തിനുതകുന്നതുമായ പ്രചോദനങ്ങളും ഇവർക്ക് കുറവായിരിക്കും. ആഹ്ലാദകരമായ അനുഭവങ്ങൾ ഉണ്ടാകാറില്ല. ഇത്തരത്തിലുള്ള അവഗണനകളും പോഷകാഹാരക്കുറവും മാനസിക വികാസത്തെ പ്രതികൂലമായി ബാധിക്കുകയോ അല്ലെങ്കിൽ മാനസിക വിമന്ദനം ബാധിച്ചിട്ടുള്ള കുട്ടിയുടെ വിമന്ദനം വീണ്ടും വർധിപ്പിക്കുകയോ ചെയ്യും. സാമ്പത്തിക ശോചനീയാവസ്ഥ, സാമൂഹിക പ്രശ്നങ്ങൾ. വൈകാരിക പ്രശ്നങ്ങൾ എന്നിവയെയും ഇവർക്കു നേരിടേണ്ടതായിട്ടുണ്ട്. അതായത്, കുടുംബചുറ്റുപാടുകളും സാംസ്കാരിക ചുറ്റുപാടുകളും ഇവരുടെ വികാസപരമായ പ്രക്രിയകളെ പ്രതികൂലമായിട്ടാണ് ബാധിക്കുന്നത്. കുടുംബത്തിലെ ഐക്യമില്ലായ്മ, കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിലെ തകരാറുകൾ, സംസാരിക്കുന്നതിനും കാര്യങ്ങൾ കണ്ടു ഗ്രഹിക്കുന്നതിനുമുള്ള അവസരങ്ങളുടെ അഭാവം, കുടുംബത്തിന്റെ പൊതുവായിട്ടുള്ള ദാരിദ്ര്യം എന്നിവയും മാനസിക വിമന്ദനത്തിനു കാരണമാകാറുണ്ട്. ഈ രംഗത്തു നടത്തിയിട്ടുള്ള ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ ആവിർഭവിച്ച ഒരു സങ്കൽപനമാണ് 'സാംസ്കാരിക-കുടുംബ-മാനസിക വിമന്ദനം' എന്നത്. ജീവശാസ്ത്രപരമായ തകരാറുകൾ കൊണ്ടല്ലാതെ ഉണ്ടാകുന്ന മാനസിക വിമന്ദനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരം കുട്ടികളുടെ രക്ഷാകർത്താക്കളിൽ ആരെങ്കിലും ഒരാളോ അല്ലെങ്കിൽ സഹോദരങ്ങളിൽ ആരെങ്കിലുമോ ഇങ്ങനെ മാനസിക വിമന്ദനം ബാധിച്ചവരായി ഉണ്ടാകുന്നതാണ്.

**മാനസിക വിമന്ദന നിയന്ത്രണം**

*(1) കുടുംബ ഉത്തരവാദിത്തം (Family Responsibiltiy)*

മാനസിക വിമന്ദനം ബാധിച്ച കുട്ടികൾക്ക് കുടുംബാംഗങ്ങളുടെ സ്നേഹം, അവരുമായി പരസ്പരപ്രവർത്തനത്തിൽ ഏർപ്പെടുന്നതിനുള്ള അവസരം, സമപ്രായക്കാരുമായി ഒത്തുചേർന്നു പ്രവർത്തിക്കുന്നതിനുള്ള അവസരം എന്നിവ അത്യാവശ്യമാണ്. എന്നാൽ, മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായതിനാൽ ഇവർക്ക് ഈ പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങൾ പലപ്പോഴും നിഷേധിക്കപ്പെടുകയാണുണ്ടാകുന്നത്. മാനസിക വിമന്ദനം ബാധിച്ച കുട്ടികൾ കുടുംബാംഗങ്ങളിൽ കുറ്റബോധം ജനിപ്പിക്കാറുണ്ട്. അവരുടെ അമിതമായ സംരക്ഷണം, സ്നേഹം, വാത്സല്യം എന്നിവമൂലമാണ് കുട്ടിയിൽ സ്വയംസംരക്ഷണത്തിന് ആവശ്യമായ കഴിവുകൾ വികസിക്കാതെപോയത് എന്ന ചിന്തയാണ് ഇതിനു കാരണം. ചില കുടുംബങ്ങളിൽ രക്ഷാകർത്താക്കൾ കുട്ടിയുടെ മാനസിക വിമന്ദനം പരിഗണിക്കാതെ സ്കൂൾ പഠനത്തിൽ മറ്റുകുട്ടികളെ പോലെയുള്ള സാമാന്യത പ്രതീക്ഷിക്കാറുണ്ട്. ഇതു കുട്ടിക്ക് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതിന് ഇടയാക്കും; മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയാത്തതിലുള്ള വിഷമമാണ് ഇതിനു കാരണം.

**കുടുംബചുറ്റുപാടുകളും സാംസ്കാരിക ചുറ്റുപാടുകളും ഇവരുടെ വികാസപരമായ പ്രക്രിയകളെ പ്രതികൂലമായിട്ടാണ് ബാധിക്കുന്നത്. കുടുംബത്തിലെ ഐക്യമില്ലായ്മ, കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിലെ തകരാറുകൾ, സംസാരിക്കുന്നതിനും കാര്യങ്ങൾ കണ്ടു ഗ്രഹിക്കുന്നതിനുമുള്ള അവസരങ്ങളുടെ അഭാവം, കുടുംബത്തിന്റെ പൊതുവായിട്ടുള്ള ദാരിദ്ര്യം എന്നിവയും മാനസിക വിമന്ദനത്തിനു കാരണമാകാറുണ്ട്.**

*2) രോഗനിർണയം അംഗീകരിക്കൽ (Acting the Diagnosis)*

കുട്ടികൾക്ക് മാനസിക വിമന്ദനം സംഭവിച്ചിട്ടുണ്ടെന്നുള്ള ചികിത്സാവിദഗ്ധരുടെ വിധിനിർണയം രക്ഷാകർത്താക്കളിൽ ഉളവാക്കുന്ന പ്രതികരണങ്ങൾ വ്യത്യസ്തങ്ങളാണ്. ഇത്തരത്തിൽ രോഗനിർണയം നടത്തുമ്പോൾ നാലു വ്യത്യസ്ത രീതികളിൽ രക്ഷാകർത്താക്കൾ പ്രതികരിക്കാറുണ്ട്; കുറ്റബോധം, കോപം, നിരാശ, നിഷേധം എന്നിവയാണിവ. കുട്ടികളെ സംബന്ധിച്ചു രക്ഷാകർത്താക്കളിൽനിന്നും ഉണ്ടാകുന്ന പ്രതീകരണങ്ങൾ പലപ്പോഴും അവ്യക്തമായിരിക്കും. ഒരുതരത്തിൽ കുട്ടികളെ സംരക്ഷിക്കുകയും സ്നേഹിക്കുകയും സുഖസൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുമ്പോൾ മറ്റൊരുവിധത്തിൽ അവർ കോപം, നാണക്കേട്, കുറ്റബോധം എന്നിവയും വച്ചുപുലർത്താറുണ്ട്. ചില രക്ഷാകർത്താക്കൾക്ക് രോഗനിർണയം അംഗീകരിക്കാൻ വലിയ വിഷമം തോന്നും. തങ്ങളുടെ കുട്ടി സാമാന്യനാണെന്നു വിധിയെഴുതുമെന്നു കരുതി പല വിദഗ്ധരെയും അവർ മാറിമാറി കാണിക്കുകയും ചെയ്യും. ഇത്തരം പ്രവർത്തനം സമയനഷ്ടവും ധനനഷ്ടവും വരുത്തുന്നതിനു പുറമെ തക്കതായ സമയത്ത് വേണ്ടതായ പ്രതിവിധികൾ ചെയ്യുന്നതിൽനിന്നും അവരെ പിന്തിരിപ്പിക്കുകയും ചെയ്യും.

(തുടരും)




# നമ്മുടെ രാജ്യത്തെ കോടതികൾ

അബൂആദം അയ്യൻ

**ഉപഭോക്തൃ കോടതികൾ**

ഉപഭോക്തൃ തർക്കങ്ങളുടെ പരിഹാരാർഥം സ്ഥാപിതമായിട്ടുള്ളതും, ജില്ല, സംസ്ഥാന,ദേശീയതലങ്ങളിലായി പ്രവർത്തിക്കുന്നതുമായ ഉപഭോക്തൃ കോടതികൾ യഥാക്രമം ജില്ലഫോറം, സംസ്ഥാന കമ്മീഷൻ, ദേശീയ കമ്മീഷൻ എന്നിങ്ങനെയാണ് അറിയപ്പെടുന്നത്. ഉപഭോക്തൃ തർക്കപരിഹാര ജില്ല ഫോറം (Consumer Dispute Redressal District forum) ആണ് ജില്ലാ ഉപഭോക്തൃ കോടതി. ജില്ല ജഡ്ജിയാകാൻ യോഗ്യതയുള്ളയാളോ, മുൻ ജില്ലജഡ്ജിയോ അധ്യക്ഷനായുള്ളതും, രണ്ട് അംഗങ്ങളും അടങ്ങുന്നതുമായ ജില്ലഫോറത്തിന്റെ വിചാരണാധികാരപരിധിയിൽ 20 ലക്ഷം രൂപവരെ സലയുള്ള കേസുകളാണ് വരുന്നത്. വിധിയിയിൽ സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാം. ഉപഭോക്തൃ തർക്കപരിഹാര സംസ്ഥാന കമ്മീഷൻ (Consumer Dispute Redressal State Commision) ആണ് സംസ്ഥാന കോടതി. ഹൈക്കോടതി ജഡ്ജിയോ മുൻ ഹൈക്കോടതി ജഡ്ജിയോ അധ്യക്ഷനായുള്ളതും, ഒരു വനിത ഉൾപ്പെടയുള്ള രണ്ടംഗങ്ങളും അടങ്ങുന്നതുമായ സംസ്ഥാന കമ്മീഷന്റെ വിചാരണാധികാരപരിധിയിൽ 20 ലക്ഷം രൂപയ്ക്കു മേൽ ഒരുകോടി രൂപവരെ സലയുള്ള കേസുകളാണ് വരുന്നത്. വിധിയിന്മേൽ ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാം. ഉപഭോക്തൃ തർക്കപരിഹാര ദേശീയ കമ്മീഷൻ (Consumer Dispute Redressal National Comission) ആണ് ദേശീയ ഉപഭോക്തൃ കോടതി. സുപ്രീംകോടതി ജഡ്ജിയോ മുൻ സുപ്രീംകോടതി ജഡ്ജിയോ അധ്യക്ഷനായുള്ളതും, ഒരു വനിത ഉൾപ്പെടെയുള്ള നാല് അംഗങ്ങളും അടങ്ങുന്നതായ ദേശീയ കമ്മീഷന്റെ വിചാരണാധികാര പരിധിയിൽ ഒരുകോടി രൂപയിൽ കവിഞ്ഞ സലയുള്ള കേസുകളാണ് വരുന്നത്. വിധിയിന്മേൽ സുപ്രീംകാടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

**ട്രൈബ്യൂണലുകൾ**

നീതിനിർവഹണപരമായ കർത്തവ്യങ്ങൾ നടത്തുന്നതും, തികച്ചും കോടതിയല്ലാത്തതുമായ ഒരു സംവിധാനമാണിത്. ഭരണപരമായുള്ള കാര്യനിർവഹണത്തിന്റെ പരിധിയിൽ തികച്ചും വരാത്തതും. തെളിവുകൾ പരിശോധിച്ച് ന്യായാന്യായവിചാരം ചെയ്ത് തീർപ്പുകൽപിക്കേണ്ടതുമായ പ്രശ്നങ്ങൾ പരിഗണിച്ചു തീരുമാനമെടുക്കാൻ അധികാരമുള്ളതുമായ ഈ സംവിധാനത്തിന് ന്യായാസനം, മധ്യസ്ഥക്കോടതി എന്നെല്ലാം അർഥമുണ്ട്.

**സഹകരണ ട്രൈബ്യൂണൽ**

സഹകരണസംഘം രജിസ്ട്രാറുടെ ഉത്തരവുകൾക്കെതിരെയുള്ള അപ്പീലുകൾ കേൾക്കുന്ന ട്രൈബ്യൂണലാണ് സഹകരണ ട്രൈബ്യൂണൽ (Co-operative Tribunal). ജില്ലാ ജഡ്ജിയെയാണ് ട്രൈബ്യൂണലായി നിയോഗിക്കുക. ട്രൈബ്യൂണലിന്റെ വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

**കടം ഈടാക്കൽ ട്രൈബ്യൂണൽ** (Debt Recovery Tribunal)

ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും തിരികെ കിട്ടേണ്ട കടത്തുക എത്രയുംവേഗം ഈടാക്കിക്കൊടുക്കുന്നതിനുള്ള ട്രൈബ്യൂണലാണ് കടം ഈടാക്കൽ ട്രൈബ്യൂണൽ (Debt Recovery Tribunal). ജില്ല ജഡ്ജിയെയോ, ജില്ല ജഡ്ജിയാകാൻ യോഗ്യതയുള്ളയാളെയോ ആണ് ഈ സ്ഥാനത്ത് നിയമിക്കുക.

**കടം ഇടാക്കൽ അപ്പലെറ്റ് ട്രൈബ്യൂണൽ**

കടം ഈടാക്കൽ ട്രൈബ്യൂണലിന്റെ വിധിയിന്മേലുള്ള അപ്പീൽ കേൾക്കുന്ന ട്രൈബ്യൂണലാണ് കടം ഇടാക്കൽ അപ്പലെറ്റ് ട്രൈബ്യൂണൽ (Debt Recovery Appellate Tibunal). ഹൈക്കോടതി ജഡ്ജിയെയോ ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ളയാളെയോ ആണ് ഈ പദവിയിൽ നിയമിക്കുക.

**ഉപഭോക്തൃ തർക്കങ്ങളുടെ പരിഹാരാർഥം സ്ഥാപിതമായിട്ടുള്ളതും, ജില്ല, സംസ്ഥാന,ദേശീയതലങ്ങളിലായി പ്രവർത്തിക്കുന്നതുമായ ഉപഭോക്തൃ കോടതികൾ യഥാക്രമം ജില്ലഫോറം, സംസ്ഥാന കമ്മീഷൻ, ദേശീയ കമ്മീഷൻ എന്നിങ്ങനെയാണ് അറിയപ്പെടുന്നത്. ഉപഭോക്തൃ തർക്കപരിഹാര ജില്ല ഫോറം** (Consumer Dispute Redressal District forum) **ആണ് ജില്ലാ ഉപഭോക്തൃ കോടതി. ജില്ല ജഡ്ജിയാകാൻ യോഗ്യതയുള്ളയാളോ, മുൻ ജില്ലജഡ്ജിയോ അധ്യക്ഷനായുള്ളതും, രണ്ട് അംഗങ്ങളും അടങ്ങുന്നതുമായ ജില്ലഫോറത്തിന്റെ വിചാരണാധികാരപരിധിയിൽ** 20 **ലക്ഷം രൂപവരെ സലയുള്ള കേസുകളാണ് വരുന്നത്. വിധിയിയിൽ സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാം.**




**ഫോറസ്റ്റ് ട്രൈബ്യൂണൽ**

നിക്ഷിപ്ത വനഭൂമിയും ആ ഭൂമിയുടെ പതിച്ചുകൊടുക്കലും സംബന്ധിച്ച തർക്കങ്ങൾ വിചാരണ ചെയ്യുന്ന ട്രൈബ്യൂണലാണിത്. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ളയാളായിരിക്കും പ്രിസൈഡിംഗ് ഓഫീസർ. വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

**ദേശീയ ഹരിത ട്രൈബ്യൂണൽ**

പരിസ്ഥിതിസംരക്ഷണം, വനസംരക്ഷണം, പ്രകൃതിവിഭവസംരക്ഷണം മുതലായവ സംബന്ധിച്ച കേസുകളിലും അപ്പിൽ കേസുകളിലും അതിവേഗം (ആറുമാസത്തിനകം) തീർപ്പുകൽപിക്കുന്നതിനുള്ള ദേശീയ ട്രൈബ്യൂണൽ ആണിത്. ഡൽഹി ആസ്ഥാനമായി 2010 ഒക്ടോബറിൽ നിലവിൽ വന്നതും ഒരു സുപ്രീംകോടതി ജഡ്ജിയോ, ഒരു ഹൈക്കോടതി ചീഫ് ജസ്റ്റിസോ, ഒരു റിട്ട.ഹൈക്കോടതി ചീഫ് ജസ്റ്റിസോ ചെയർമാനായുള്ളതും പത്ത് വിദഗ്ധ അംഗങ്ങളും പത്ത് ജുഡീഷ്യൽ അംഗങ്ങളും അടങ്ങുന്നതുമായ ഈ ട്രൈബ്യൂണൽ സിവിൽ നടപടി നിയമത്തെക്കാളുപരിയായി സ്വാഭാവികനീതിയുടെ തത്ത്വങ്ങൾ പ്രകാരവുമായിരിക്കും പ്രവർത്തിക്കുക. ട്രൈബ്യൂണലിന്റെ ഓരോ ബെഞ്ചിലും കുറഞ്ഞത് ഒരു വിദഗ്ധ അംഗവും ഒരു ജുഡീഷ്യൽ അംഗവും ഉണ്ടായിരിക്കും. സിറ്റിംഗ് ആസ്ഥാനം ഡൽഹിയാണെങ്കിലും, ജനങ്ങളുടെ സൗകര്യാർഥം സർക്കീട്ട് കോടതിയുടെ മാതൃകയിൽ വിവിധ സംസ്ഥാന തലസ്ഥാനങ്ങളിൽ സിറ്റിംഗ് നടത്താനും ഈ ട്രൈബ്യൂണൽകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ സിറ്റിംഗ് നടത്തുന്നത് കൊച്ചിയിലായിരിക്കും.

**വ്യാവസായിക ട്രൈബ്യൂണൽ**

തൊഴിൽത്തർക്ക നിയമത്തിലെ രണ്ടും മൂന്നും പട്ടികകളിലെ വിഷയങ്ങൾ സംബന്ധിച്ച തർക്കങ്ങളിന്മേൽ തീർപ്പുകൽപിക്കുന്ന ട്രൈബ്യൂണലാണ് വ്യാവസായിക ട്രൈബ്യൂണൽ (Industrial Tribunal). ജില്ല ജഡ്ജിയുടെ പദവിയിലുള്ളയാളെയാണ് ഈ സ്ഥാനത്ത് നിയമിക്കുക. ഉത്തരവിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

**തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ**

കേരള പഞ്ചായത്തുരാജ് ആക്ടും (1994), കേരള മുനിസിപ്പാലിറ്റീസ് ആക്ടും (1994) പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരായ അപ്പീലുകളും റിവിഷൻ ഹർജികളും കേൾക്കുന്നതിനായി കേരള ഗവണ്മെന്റ് സംഘടിപ്പിച്ചിട്ടുള്ള ഈ ട്രൈബ്യൂണലിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. ജില്ല ജഡ്ജിയുടെ പദവിയിലുള്ള ആളായിരിക്കും ട്രൈബ്യൂണൽ. ഉത്തരവിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.


**ലാൻഡ് ട്രൈബ്യൂണൽ**

ഭൂപരിഷ്കരണനിയമം നടപ്പാക്കുന്നതിനും അതു സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങളിന്മേൽ തീർപ്പു കൽപിക്കുന്നതിനുമുള്ള ട്രൈബ്യൂണലാണിത്. തഹസീൽദാരുടെ പദവിയിൽ താഴെയല്ലാത്ത ഒരു റവന്യു ഓഫീസറോ, മുൻസിഫിന്റെ പദവിയിലുള്ള ഒരു ജുഡീഷ്യൽ ഓഫീസറോ ആണ് ഈ സ്ഥാനത്ത് നിയമിക്കപ്പെടുക.

**മോട്ടോർ വാഹനാപകട നഷ്ടപരിഹാര ട്രൈബ്യൂണൽ**

വാഹനാപകടങ്ങളിൽ പരുക്കേറ്റവർക്കോ, മരണം സംഭവിച്ചവരുടെ അവകാശികൾക്കോ, നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള തുക നിർണയിക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ട്രൈബ്യൂണലാണിത്. ഒരു ജില്ല ജഡ്ജിയെയാണ് ഈ കോടതിയിൽ ന്യായാധിപനായി നിയമിക്കുക. ഉത്തരവിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

**(അവലംബം)**




# ഫിത്നയും മുസ്‌ലിംകളുടെ നിലപാടും

ശൈഖ്സ്വാലിഹ് ആലുശൈഖ്
വിവ: സിയാദ് കണ്ണൂർ

**മൂന്നാമത്തെ മാർഗനിർദേശം**

ഒരു മുസ്‌ലിം എല്ലാകാര്യങ്ങളിലും നീതിയും ന്യായവും പാലിക്കണം:

അല്ലാഹു പറയുന്നു: "...നിങ്ങൾ സംസാരിക്കുകയാണെങ്കിൽ നീതി പാലിക്കുക..." (അൽഅൻആം: 152).

"ഒരു ജനതയോടുള്ള അമർഷം നീതിപാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതിപാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക" (അൽമാഇദ:8).

സംസാരങ്ങളിലും തീരുമാനങ്ങളിലും നീതി പാലിക്കണമെന്ന് നാം വ്യക്തമാക്കി. ഇനി ആരെങ്കിലും സംസാരങ്ങളിലും തീർപ്പുകളിലും നീതിപാലിച്ചിട്ടില്ലെങ്കിൽ; അവൻ (പാപംചെയ്യുന്നതിൽനിന്നും) സ്വന്തത്തെ രക്ഷപ്പെടുത്തുന്ന രൂപത്തിൽ ശരീഅത്ത് പിൻപറ്റിയിട്ടില്ല.

നീതി എന്നാൽ എന്താണ്? ഈ മാർഗനിർദേശത്തിൽ സൂചിപ്പിച്ച ന്യായം എന്താണ്?



**നീതി എന്നാൽ; കാര്യങ്ങളിലെ നീതിയും തിന്മയും നിങ്ങൾ കൊണ്ടുവരുന്നു. അതിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന വശവും ഇഷ്ടപ്പെടാത്ത വശവും പരിശോധിക്കും. ശേഷം അവയെ തുലനം ചെയ്ത് ഒരു തീർപ്പുകൽപിക്കും. എന്തെന്നാൽ, ഇരുവശങ്ങളും പരിശോധിച്ചാലല്ലാതെ അല്ലാഹുവിന്റെ കൽപനക്ക് വിരുദ്ധമായ കാര്യങ്ങൾ ശരീഅത്തിലേക്ക് ചേർത്തു പറയുന്നതിൽനിന്നും ഒരാൾക്ക് സുരക്ഷിതനാകാൻ സാധിക്കുകയില്ല.**

**അതിനാൽ ശറഇയ്യായ വിധി എത്തുംവരെയും ഫിത്നയെ സംബന്ധിച്ച നിങ്ങളുടെ വീക്ഷണവും സംസാരവും ധാരണയും അഭിപ്രായവുമെല്ലാം–ഇൻ ശാ അല്ലാഹ് നിങ്ങളുടെ രക്ഷകനാകുന്നതുവരെയും നന്മയുടെ വശവും തിന്മയുടെ വശവും മനസ്സിൽ പ്രദർശിപ്പിക്കണം.**

നീതി എന്നാൽ; കാര്യങ്ങളിലെ നീതിയും തിന്മയും നിങ്ങൾ കൊണ്ടുവരുന്നു. അതിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന വശവും ഇഷ്ടപ്പെടാത്ത വശവും പരിശോധിക്കും. ശേഷം അവയെ തുലനം ചെയ്ത് ഒരു തീർപ്പുകൽപിക്കും. എന്തെന്നാൽ, ഇരുവശങ്ങളും പരിശോധിച്ചാലല്ലാതെ അല്ലാഹുവിന്റെ കൽപനക്ക് വിരുദ്ധമായ കാര്യങ്ങൾ ശരീഅത്തിലേക്ക് ചേർത്തു പറയുന്നതിൽനിന്നും ഒരാൾക്ക് സുരക്ഷിതനാകാൻ സാധിക്കുകയില്ല.

അതിനാൽ ശറഇയ്യായ വിധി എത്തുംവരെയും ഫിത്നയെ സംബന്ധിച്ച നിങ്ങളുടെ വീക്ഷണവും സംസാരവും ധാരണയും അഭിപ്രായവുമെല്ലാം–ഇൻ ശാ അല്ലാഹ് നിങ്ങളുടെ രക്ഷകനാകുന്നതുവരെയും നന്മയുടെ വശവും തിന്മയുടെ വശവും മനസ്സിൽ പ്രദർശിപ്പിക്കണം.

ഇത് സുപ്രധാനമായ ഒരു വിഷയമാണ്; പ്രായോഗികമാക്കേണ്ടണ്ടഒരു തത്ത്വവുമാണ്. കാരണം ഈ തത്ത്വം പിൻപറ്റാത്തവന്റെ ഹൃദയത്തിൽ ദേഹേച്ഛ പാഞ്ഞുകയറും. മാത്രമല്ല, ദേഹേച്ഛയുടെ വാതിൽ മറ്റുള്ളവർക്ക് അവൻ തുറന്നുകൊടുക്കുകയും ചെയ്തേക്കും. നബി(സ്വ)യുടെ വാക്കുകൾ അതാണ് സൂചിപ്പിക്കുന്നത്:

"ആരെങ്കിലും ഒരു ചീത്തചര്യ നടപ്പിൽ വരുത്തിയെങ്കിൽ, അതിന്റെ പാപവും അന്ത്യനാൾവരെ അതിനെ പിന്തുടർന്ന് പ്രവർത്തിക്കുന്നവരുടെ പാപവും അവരുടെ പാപം ഒട്ടുംകുറയാതെതന്നെ–അവന് രേഖപ്പെടുത്തും" (മുസ്‌ലിം).

അറിവും സന്മാർഗവും ചേർത്തു പറയപ്പെടുന്നവരിൽനിന്നാണ് ഇത്തരം ചെയ്തികളെങ്കിൽ, ആപത്ത് കൂടുതൽ ഗുരുതരമാണ്. കാരണം, അവരുടെ ചെയ്തികളെ പിന്തുടരാൻ ജാഹിലുകളും അൽപജ്ഞാനികളുമുണ്ടാകും.

അതിനാൽ, നമ്മുടെ മുഴുവൻ കാര്യങ്ങളിലും ഈ തത്ത്വം പിന്തുടരണം. ദേഹേച്ഛയെ പിന്തുടരുന്നതിൽ നിന്നും ആര് സുരക്ഷിതനായോ, അവനെ അല്ലാഹു ഇഹത്തിലും പരത്തിലും രക്ഷപ്പെടുത്തും.

### നാലാമത്തെ മാർഗനിർദേശം

അല്ലാഹുവിന്റെ ഈ വചനമാണ് ഈ തത്ത്വത്തിന്റെ അടിസ്ഥാനം:

"നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ചുപോകരുത്'' (ആലു ഇംറാൻ: 103).

ഈ വചനത്തെ നബി(സ്വ) വിശദീകരിച്ചു: "നിങ്ങൾ ജമാഅത്തിനോടൊപ്പം നിൽക്കുക. ഭിന്നതയെ സൂക്ഷിക്കുക" (മുസ്നദു അഹ്മദ്).

ഇമാം അഹ്മദിന്റെ പുത്രനായ അബ്ദുല്ല 'സവാഇദു മുസ്നദു അഹ്മദി'ൽ ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം സ്ഥിരപ്പെട്ടിട്ടുണ്ട്:

"ജമാഅത്ത് (സംഘമായി നില കൊള്ളൽ) കാരുണ്യമാണ്, ഭിന്നത ശിക്ഷയുമാണ്.''

വാക്കുകളിലും കർമങ്ങളിലും അഭിപ്രായങ്ങളിലുമുള്ള എല്ലാതരം ഭിന്നതയും ശിക്ഷയാണ്. അല്ലാഹുവിന്റെ കൽപനകൾക്ക് എതിര് പ്രവർത്തിക്കുകയും അവന്റേതല്ലാത്ത മാർഗദർശനത്തെ പിൻപറ്റുകയും ചെയ്യുന്നവരെ അവൻ

ശിക്ഷിക്കും. അതിനാൽ, അഹ്ലുസ്സുന്നഃ വൽജമാഅഃയുടെ കൂടെ നിൽക്കുകയും അതിന്റെ ഇമാമുമാരെയും പണ്ഡിതന്മാരെയും പിന്തുടരുകയും ചെയ്യുന്നവനാണ് ജമാഅത്തിനോടൊപ്പം നിൽക്കുന്നവൻ. അവരിൽനിന്നും വേറിട്ടുപോയവൻ ഭിന്നിക്കുകയും ഇഹത്തിൽവെച്ച് അല്ലാഹുവിന്റെ ശിക്ഷ ലഭിക്കുകയും ചെയ്തവരിൽ നിന്നും സുരക്ഷിതനല്ല.

നമ്മെയും നമ്മുടെ മുഴുവൻ സഹോദരന്മാരെയും അവയിൽനിന്നും സംരക്ഷിക്കാൻ അല്ലാഹുവോട് പ്രാർഥിക്കുന്നു.

നബി(സ്വ) പറഞ്ഞു: “ജമാഅത്ത് കാരുണ്യമാണ്, ഭിന്നത ശിക്ഷയുമാണ്.”

ഏതുതരം സവിശേഷതകളോടുകൂടിയ ജമാഅത്തും, സത്യത്തിലും സന്മാർത്തിലുമാണെങ്കിൽ; അത് കാരുണ്യമാണ്. അതുമൂലം അല്ലാഹു അവന്റെ ദാസന്മാരുടെ മേൽ കരുണ ചൊരിയും. ഭിന്നത ശിക്ഷയാണ്. ഭിന്നിക്കുന്നതിൽ ഒരിക്കലും യാതൊരു നന്മയുമില്ല.

അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്: “നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ചുപോകരുത്” (ആലുഇംറാൻ:103).

**വ്യക്തമായ തെളിവുകളും മാർഗദർശനവും വന്നുകിട്ടിയതിന് ശേഷവും വാക്കുകളിലും കർമങ്ങളിലും ഭിന്നിച്ചവർ വ്യതിചലിക്കുന്നതിൽ നിന്നും ഭിന്നിക്കുന്നതിൽനിന്നും രക്ഷപ്പെടുന്നവരല്ല. അവർ സന്മാർഗത്തിലൂടെയല്ലാതെ ചരിക്കുന്നതിൽനിന്നും സുരക്ഷിതരുമല്ല. അതിനാൽ, അഹ്ലുസ്സുന്നഃ വൽജമാഅഃയുടെ ജമാഅത്തിനോടൊപ്പം നിൽക്കൽ നമ്മുടെ ബാധ്യതയാണ്. അവരുടെ വാക്കുകൾ നാം സ്വീകരിക്കും. അവരുടെ തത്ത്വങ്ങളെയും മാർഗനിർദേശങ്ങളെയും അവരുടെ പണ്ഡിതന്മാരുടെ തീരുമാനങ്ങളെയും നാം തള്ളിക്കളയുകയില്ല. കാരണം അഹ്ലുസ്സുന്നഃ വൽജമാഅഃയുടെ ഉസ്വൂലുകളും ശറഇയായ തെളിവുകളും അവർക്കാണ് നന്നായറിയുക. ജനങ്ങളിൽ പലർക്കും ഇതറിയില്ല.**

ശേഷം അല്ലാഹു പറഞ്ഞു: “നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ” (ആലുഇംറാൻ:104).

ശേഷം പറഞ്ഞു: “വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനുശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്” (ആലുഇംറാൻ:105).

അതെ, വ്യക്തമായ തെളിവുകളും മാർഗദർശനവും വന്നുകിട്ടിയതിന് ശേഷവും വാക്കുകളിലും കർമങ്ങളിലും ഭിന്നിച്ചവർ വ്യതിചലിക്കുന്നതിൽനിന്നും ഭിന്നിക്കുന്നതിൽനിന്നും രക്ഷപ്പെടുന്നവരല്ല. അവർ സന്മാർഗത്തിലൂടെയല്ലാതെ ചരിക്കുന്നതിൽനിന്നും സുരക്ഷിതരുമല്ല.

അതിനാൽ, അഹ്ലുസ്സുന്നഃ വൽജമാഅഃയുടെ ജമാഅത്തിനോടൊപ്പം നിൽക്കൽ നമ്മുടെ ബാധ്യതയാണ്. അവരുടെ വാക്കുകൾ നാം സ്വീകരിക്കും. അവരുടെ തത്ത്വങ്ങളെയും മാർഗനിർദേശങ്ങളെയും അവരുടെ പണ്ഡിതന്മാരുടെ തീരുമാനങ്ങളെയും നാം തള്ളിക്കളയുകയില്ല. കാരണം അഹ്ലുസ്സുന്നഃ വൽജമാഅഃയുടെ ഉസ്വൂലുകളും ശറഇയായ തെളിവുകളും അവർക്കാണ് നന്നായറിയുക. ജനങ്ങളിൽ പലർക്കും ഇതറിയില്ല. എന്നുമാത്രമല്ല, പാണ്ഡിത്യത്തിലേക്ക് ചേർത്തു പറയപ്പെടുന്നവരിൽ പോലും ഇത് അറിയാത്ത ധാരാളം ആളുകളുണ്ട്. അഹ്ലുസ്സുന്നഃ വൽജമാഅഃയുടെ പണ്ഡിതന്മാർ അഗാധപാണ്ഡിത്യവും ദീർഘവീക്ഷണവും അറിവിന്റെ വിഷയത്തിൽ ഉറച്ച പാദങ്ങളുമുള്ളവരാണ്.

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ചെയ്ത പ്രവൃത്തിയിലേക്ക് നോക്കുക! ഉസ്മാനുബ്നു അഫ്ഫാനി(റ)നോടൊപ്പം ഹജ്ജിൽ പങ്കെടുത്തപ്പോൾ അദ്ദേഹം എന്താണ് ചെയ്തതെന്ന് നിങ്ങൾക്കറിയുമോ?

മിനായിൽവെച്ച് ഉസ്മാൻ(റ) (ക്വസ്ർ ആക്കാതെ) പൂർത്തിയാക്കി നാലുറക്അത്ത് നമസ്കരിക്കുമായിരുന്നു. മിനായിൽ നാലു





**മിനായിൽവെച്ച് ഉസ്മാൻ(റ) (ക്വസ്ർ ആക്കാതെ) പൂർത്തിയാക്കി നാലുറക്അത്ത് നമസ്കരിക്കുമായിരുന്നു. മിനായിൽ നാലു റക്അത്തുള്ള നമസ്കാരങ്ങൾ രണ്ടു റക്അത്ത് ആക്കി ചുരുക്കി നമസ്കരിക്കൽ ആണല്ലോ നബിചര്യ! എന്നാൽ ഉസ്മാൻ(റ) മനസ്സിലാക്കിയ ശറഈ വ്യാഖ്യാനപ്രകാരം അത് നാലുറക്അത്ത്തന്നെയാണ്. നാലുറക്അത്തുള്ള നമസ്കാരങ്ങൾ രണ്ടു റക്അത്തായി നമസ്കരിക്കലാണ് പ്രവാചകചര്യയെന്ന് ഇബ്നു മസ്ഊദ് (റ) പറയാറുണ്ടായിരുന്നു. അങ്ങനെ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: 'ഓ, അബ്ദുല്ലാഹിബ്നു മസ്ഊദ്! നിങ്ങൾ ഇത് പറയുന്നു; എന്നാൽ, എന്തുകൊണ്ടാണ് ഉസ്മാനുബ്നു അഫ്ഫാനിനോടൊപ്പം താങ്കൾ നാലുറക്അത്ത് നമസ്കരിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'ഓ ഇന്നവനേ! ഭിന്നത തിന്മയാണ്! ഭിന്നത തിന്മയാണ്! ഭിന്നത തിന്മയാണ്!'' (അബൂദാവൂദ്).**

റക്അത്തുള്ള നമസ്കാരങ്ങൾ രണ്ടു റക്അത്ത് ആക്കി ചുരുക്കി നമസ്കരിക്കൽ ആണല്ലോ നബിചര്യ! എന്നാൽ ഉസ്മാൻ(റ) മനസ്സിലാക്കിയ ശറഈ വ്യാഖ്യാനപ്രകാരം അത് നാലുറക്അത്ത്തന്നെയാണ്. നാലുറക്അത്തുള്ള നമസ്കാരങ്ങൾ രണ്ടു റക്അത്തായി നമസ്കരിക്കലാണ് പ്രവാചകചര്യയെന്ന് ഇബ്നു മസ്ഊദ്(റ) പറയാറുണ്ടായിരുന്നു. അങ്ങനെ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: 'ഓ, അബ്ദുല്ലാഹിബ്നു മസ്ഊദ്! നിങ്ങൾ ഇത് പറയുന്നു; എന്നാൽ, എന്തുകൊണ്ടാണ് ഉസ്മാനുബ്നു അഫ്ഫാനിനോടൊപ്പം താങ്കൾ നാലുറക്അത്ത് നമസ്കരിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'ഓ ഇന്നവനേ! ഭിന്നത തിന്മയാണ്! ഭിന്നത തിന്മയാണ്! ഭിന്നത തിന്മയാണ്!'' (അബൂദാവൂദ്).

ശരിയായ തത്ത്വം അവർ മനസ്സിലാക്കിയതിനാലാണ് ഇത്. അതായത്, ഭിന്നതയെ സ്വീകരിച്ചവൻ സ്വയം ഫിത്നയിൽനിന്നും സുരക്ഷിതനല്ല; മറ്റുള്ളവരെ അതിൽനിന്നും രക്ഷിക്കുന്നുമില്ല എന്ന തത്ത്വം. ഇബ്നു മസ്ഊദ് (റ) പറഞ്ഞു: 'ഭിന്നത തിന്മയാണ്!'

**അഞ്ചാമത്തെ മാർഗനിർദേശം**

രാഷ്ട്രത്തിന്റെ പതാകയായാലും പ്രബോധകന്മാരുടെ പതാകയായാലും, ഫിത്നയുടെ അവസരത്തിൽ ഉയർത്തപ്പെടുന്ന എല്ലാ പതാകകളും ശരിയായ– അഹ്‌ലുസ്സുന്നഃ വൽജമാഅഃയുടെ– തുലാസുവച്ച് തൂക്കി നോക്കണം. ഈ തുലാസിൽവച്ച് ഇത്തരം പതാകകൾ തൂക്കുകയാണെങ്കിൽ, അത് വക്രതയില്ലാത്തവിധം നീതിപൂർണമായ തൂക്കമായിരിക്കും. അതാണ് അല്ലാഹു പറഞ്ഞത്:

"ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നീതിപൂർണമായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല" (അൽഅമ്പിയാഅ്: 47).

അഹ്‌ലുസ്സുന്നഃയുടെ പക്കൽ നീതിപൂർണമായ തുലാസുകളുണ്ട്. അതിലാണ് അവർ വിവിധവിഷയങ്ങളും അഭിപ്രായങ്ങളും അവസ്ഥകളും സാഹചര്യമാറ്റങ്ങളിലുള്ള വ്യത്യസ്ത പതാകകളും തൂക്കുന്നത്. അഹ്‌ലുസ്സുന്നഃയുടെ ഇമാമുകൾ വിശദീകരിച്ചതുപോലെ, ഈ തുലാസുകൾ രണ്ടു തരമാണ്:

1. ഇസ്‌ലാമിനെ തൂക്കുന്ന തുലാസ്: അതായത്, ഇസ്‌ലാമിക ദഅ്‌വത്തിലെ കൃത്യതയെയാണ് അതു തൂക്കുന്നത്.

ഇസ്‌ലാമിലേക്ക് ചേർത്തുകൊണ്ട് ഉയർന്നുവരുന്ന പതാകകൾ നിരവധിയുണ്ട്. അതിനാൽ ആ പതാകകളെ തൂക്കിനോക്കണം. അത് ഇസ്‌ലാമിക പതാകയാണെങ്കിൽ, അതുമായി ബന്ധപ്പെട്ട ശറഇയ്യായ വിധികൾ നിർധരിച്ചെടുക്കണം. ശേഷം ഈ വിധികൾ മുറുകെ പിടിക്കണം. അല്ലാഹുവും അവന്റെ ദൂതനും അതാണ് കൽപിച്ചത്.

2. ഇസ്‌ലാമിന്റെ പൂർണതയും (പതാകവാഹകരുടെ) സ്ഥൈര്യവും മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള തുലാസ്.



**“ഭൂമിയിൽ നാം സ്വാധീനം നൽകിയാൽ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും സദാചാരം സ്വീകരിക്കാൻ കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്നവരത്രെ അവർ (ആ മർദിതർ). കാര്യങ്ങളുടെ പര്യവസാനം അല്ലാഹുവിന്നുള്ളതാകുന്നു” (അൽ ഹജ്ജ്: 41). ക്വുർആൻ വ്യാഖ്യാതാക്കളിൽ ചിലർ പറഞ്ഞു: ‘സദാചാരം സ്വീകരിക്കാൻ കൽപിക്കും’ എന്നതിനർഥം അവർ തൗഹീദ് സ്വീകരിക്കാൻ കൽപിക്കും എന്നും ‘ദുരാചാരത്തിൽ നിന്ന് വിലക്കും’ എന്നതിനർഥം അവർ ശിർക്കിൽനിന്നും വിലക്കും എന്നുമാണ്.’ കാരണം, ഏറ്റവും വലിയ സദാചാരം തൗഹീദും ഏറ്റവും നീചമായ ദുരാചാരം ശിർക്കുമാണല്ലോ.**

ഒന്നാമത്തെ തുലാസ് കുഫ്റിനെ ഈമാനിൽനിന്നും വേർതിരിക്കുന്നു. ആ പതാക മുസ്‌ലിമാണോ മുഅ്മിനാണോ അതല്ല, മറ്റുവല്ലതുമാണോ?

രണ്ടാമത്തെ തുലാസ്, ആ പതാക ഇസ്‌ലാമിക മാർഗദർശനപ്രകാരം അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന രൂപത്തിലാണോ, അതല്ല അതിൽ വല്ല ന്യൂനതയുമുണ്ടോ എന്നു പരിശോധിക്കുന്നതിനുവേണ്ടിയുള്ളതാണ്.

ഇത് വ്യക്തമായിക്കഴിഞ്ഞാൽ, ആ തുലാസിൻമേൽ ശറഇയ്യായ വിധികൾ ക്രമമായിവയ്ക്കും.

ഈമാനിൽനിന്നും കുഫ്റിനെ വേർതിരിക്കുന്ന തുലാസിന് മൂന്നു തട്ടുകളുണ്ട്:

1. മറ്റാരെയും പങ്കുചേർക്കാതെ അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന അവസ്ഥ അവരിൽ ഉണ്ടോ, ഇല്ലേ? എന്തെന്നാൽ, അമ്പിയാക്കളുടെയും മുർസലുകളുടെയും മതത്തിന്റെ അടിസ്ഥാനംതന്നെ പങ്കുകാരില്ലാത്തവിധം അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്ന പ്രബോധനമാണ്. കാര്യങ്ങളുടെ അടിത്തറ തൗഹീദാണ്. കാര്യങ്ങളുടെ തുടക്കവും ഒടുക്കവുമെല്ലാം അതുതന്നെയാണ്.

അതിനാൽ തൗഹീദിന്റെ പതാക വഹിക്കുകയും മറ്റാരെയും പങ്കുചേർക്കാതെ അല്ലാഹുവിന് മാത്രമുള്ള ആരാധന സ്ഥാപിക്കുകയും അല്ലാഹുവിന് പുറമെയുള്ളവരോടുള്ള ആരാധനയെ നിരാകരിക്കുകയും ചെയ്തവനെ മുസ്‌ലിമായും അവന്റെ പതാക മുസ്‌ലിം പതാകയായും തുലാസ് വിധിക്കും. താഴെ പറയുന്ന രണ്ടു തട്ടുകളിൽനിന്നും അനുകൂലമായ പ്രതികരണമുണ്ടാകണമെന്ന് മാത്രം:

ഈ ഒന്നാമത്തെ തട്ടിൽ, ഈ കൊടിക്കീഴിലുള്ളവർ തൗഹീദിന്റെ വക്താക്കളാണോ എന്ന് പരീക്ഷിക്കും. അല്ലാഹുവല്ലാത്തവർക്കുള്ള ആരാധനയുണ്ടോ; അതല്ല, ആ കൊടിക്കീഴിൽ അല്ലാഹുവല്ലാത്തവരെ ആരാധിക്കാതെ അല്ലാഹുവിലേക്ക് മാത്രമാണോ ഹൃദയങ്ങൾ തിരിയുന്നത്?

അല്ലാഹു പറയുന്നു: “തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)” (അന്നഹ്ൽ: 36).

“ഭൂമിയിൽ നാം സ്വാധീനം നൽകിയാൽ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും സദാചാരം സ്വീകരിക്കാൻ കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്നവരത്രെ അവർ (ആ മർദിതർ). കാര്യങ്ങളുടെ പര്യവസാനം അല്ലാഹുവിന്നുള്ളതാകുന്നു” (അൽ ഹജ്ജ്: 41).

ക്വുർആൻ വ്യാഖ്യാതാക്കളിൽ ചിലർ പറഞ്ഞു: ‘സദാചാരം സ്വീകരിക്കാൻ കൽപിക്കും’ എന്നതിനർഥം അവർ തൗഹീദ് സ്വീകരിക്കാൻ കൽപിക്കും എന്നും ‘ദുരാചാരത്തിൽനിന്ന് വിലക്കും’ എന്നതിനർഥം അവർ ശിർക്കിൽ നിന്നും വിലക്കും എന്നുമാണ്.’ കാരണം, ഏറ്റവും വലിയ സദാചാരം തൗഹീദും ഏറ്റവും നീചമായ ദുരാചാരം ശിർക്കുമാണല്ലോ.

ഇതാണ് ഒന്നാമത്തെ തട്ട്.

2. 'മുഹമ്മദ്(സ്വ) അല്ലാഹുവിന്റെ ദൂതനാണ്' എന്ന സാക്ഷ്യവചനം എത്രത്തോളം അവർ സാക്ഷാത്കരിക്കുന്നുണ്ട്?

ഇത് സാക്ഷാത്കരിക്കുന്നതിന്റെ നിബന്ധന മുഹമ്മദ് നബി (സ്വ) കൊണ്ടുവന്ന ശരീഅത്ത് അനുസരിച്ച് വിധിക്കലാണ്. അല്ലാഹു പറയുന്നു:

"ഇല്ല, നിന്റെ രക്ഷിതാവിനെ ത്തന്നെയാണെ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ

**അല്ലാഹുവിൽനിന്നും അവതരിച്ച ഇസ്‌ലാം ദീനിനെ പ്രവാചകൻ പൂർണമായും സ്വീകരിച്ചുൾക്കൊണ്ടു. പിന്തുടരപ്പെടേണ്ട ഒരു മാതൃകാപുരുഷനാണ് അദ്ദേഹം. ആ പ്രവാചകനിൽനിന്നും ലഭിച്ച മതം സച്ചരിതരായ ഖലീഫമാർ പൂർണമായും സ്വീകരിച്ചു. എന്നാൽ, അതിനുശേഷം ഇസ്‌ലാമിനെ സമ്പൂർണമായി ഉൾക്കൊള്ളുന്ന വിഷയത്തിൽ ഒന്നൊന്നായി ചോർച്ച സംഭവിച്ചുകൊണ്ടേയിരുന്നു. അത് നമ്മുടെ ഈ കാലംവരെ തുടർന്നുകൊണ്ടിരിക്കുന്നു. നബി(സ്വ) അതാണ് പറഞ്ഞത്: "ശേഷം വരുന്ന ഒരു കാലം ആദ്യത്തേതിനെക്കാൾ മോശമായിട്ടല്ലാതെ ജനങ്ങളുടെമേൽ ഒരു കാലവും കഴിഞ്ഞുപോകുകയില്ല. നിങ്ങളുടെ നാഥനെ നിങ്ങൾ കാണുവോളം ഇത് തുടർന്നു കൊണ്ടേയിരിക്കും" (ബുഖാരി)**

കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (അന്നിസാഅ്: 65).

"ജാഹിലിയ്യത്തിന്റെ (അനിസ്‌ലാമികമാർഗത്തിന്റെ) വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവെക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?" (അൽമാഇദ: 50).

"അല്ലാഹു അവതരിപ്പിച്ചുതന്നതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർതന്നെയാകുന്നു അവിശ്വാസികൾ" (അൽമാഇദ: 44).

ഉയർത്തപ്പെട്ട പതാകയുടെ ആളുകൾ അല്ലാഹുവിന്റെ ശരീഅത്തനുസരിച്ച് വിധിക്കുകയും ജനങ്ങൾക്കിടയിലുള്ള വിഷയങ്ങളിൽ ശരീഅത്തിന് മുൻഗണന കൊടുക്കുകയും ചെയ്യുന്നത് നീ കണ്ടാൽ അത് മുസ്‌ലിം പതാകയാണെന്ന് നീ അറിഞ്ഞുകൊള്ളുക. കാരണം അവർ അല്ലാഹുവിന്റെ ശരീഅത്തു പ്രകാരം വിധിക്കുകയും അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നതിന് ശരീഅഃ കോടതികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു അവതരിപ്പിച്ചതനുസരിച്ചല്ലാതെ വിധിക്കാനോ, ആ വിധിയിൽ തൃപ്തിപ്പെടാനോ ഒരാൾക്കും പാടുള്ളതല്ല.

തങ്ങൾക്കിടയിലുള്ള വിഷയങ്ങളിൽ ജനങ്ങൾ ഭിന്നതയിലായാൽ, അവർക്കിടയിൽ ആരാണ് വിധി നടപ്പാക്കുന്നത്? ക്വാദിയാണ് ഭിന്നതയുള്ള വിഷയങ്ങളെ സംബന്ധിച്ച് വിധിനടപ്പാക്കുന്നത്.

3. നിഷിദ്ധമായ (ഹറാം) കാര്യങ്ങളെ അവർ അനുവദനീയം (ഹലാൽ) ആക്കുന്നുണ്ടോ? അതല്ലെങ്കിൽ, നിഷിദ്ധം പ്രവർത്തിച്ചാൽ അവിടെ കോപവും വെറുപ്പും നിഷേധവും ഉണ്ടാകുന്നുണ്ടോ? എന്തെന്നാൽ, നിഷിദ്ധമായ ഒരു കാര്യം വെളിപ്പെട്ടാൽ, രണ്ട് അവസ്ഥകളാണ് (മാത്രമാണ്) സാധാരണ ഉണ്ടാവുക:

1) ഒന്നുകിൽ അത് അനുവദനീയമായി കണക്കാക്കപ്പെടും. ഇതാകട്ടെ കുഫ്റാണ്.—അല്ലാഹുവിൽ ശരണം.

2) അതിനെ അനുവദനീയമായി കണക്കാക്കുന്നില്ലെങ്കിലും അത് സംഭവിച്ചു. പതാകവാഹകർ അതിനെ നിഷിദ്ധമായി കണക്കാക്കുകയും അതിനെ നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയാണെങ്കിൽ, ആ പതാക ശറഇയ്യായതും മുസ്‌ലിം പതാകയുമാണ്.

ഇതാണ് നമ്മുടെ ഇമാമുകൾ വിശദീകരിച്ചുതന്ന മൂന്ന് തട്ടുകൾ. ഇത് തുലാസുകളിൽ ഒന്നാമത്തെതാണ്.

രണ്ടാമത്തെ തുലാസാകട്ടെ, അതിലൂടെയാണ് ഇസ്‌ലാമിന്റെ പൂർണത അറിയുന്നത്.

അല്ലാഹുവിൽനിന്നും അവതരിച്ച ഇസ്‌ലാം ദീനിനെ പ്രവാചകൻ പൂർണമായും സ്വീകരിച്ചുൾക്കൊണ്ടു. പിന്തുടരപ്പെടേണ്ട ഒരു മാതൃകാപുരുഷനാണ് അദ്ദേഹം. ആ പ്രവാചകനിൽനിന്നും ലഭിച്ച മതം സച്ചരിതരായ ഖലീഫമാർ പൂർണമായും സ്വീകരിച്ചു. എന്നാൽ, അതിനുശേഷം ഇസ്‌ലാമിനെ സമ്പൂർണമായി ഉൾക്കൊള്ളുന്ന വിഷയത്തിൽ ഒന്നൊന്നായി ചോർച്ച സംഭവിച്ചുകൊണ്ടേയിരുന്നു. അത് നമ്മുടെ ഈ കാലംവരെ തുടർന്നുകൊണ്ടിരിക്കുന്നു. നബി (സ്വ) അതാണ് പറഞ്ഞത്: "ശേഷം വരുന്ന ഒരു കാലം ആദ്യത്തേതിനെക്കാൾ മോശമായിട്ടല്ലാതെ ജനങ്ങളുടെമേൽ ഒരു കാലവും കഴിഞ്ഞുപോകുകയില്ല. നിങ്ങളുടെ നാഥനെ നിങ്ങൾ കാണുവോളം ഇത് തുടർന്നുകൊണ്ടേയിരിക്കും" (ബുഖാരി)

രണ്ടാമത്തെ ഈ തുലാസ് താഴെ പറയുന്ന കാര്യങ്ങൾ പരിശോധിക്കും:

**(തുടരും)**



"ഞങ്ങളെ നേരായ മാർഗത്തിൽ നയിക്കേണമേ" (ഖുർആൻ 1:6).

# മാർഗദർശനം

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

ഒരു ഉപകരണം നിർമിച്ചുകഴിഞ്ഞാൽ അതിലെ പ്രോഗ്രാമുകൾ എങ്ങനെ പ്രവർത്തിക്കണമെന്ന് കോഡ്ചെയ്തവനും അതെങ്ങനെ ഉപയോഗിക്കണമെന്ന് ഉപയോഗിക്കുന്നവനും അറിഞ്ഞിരിക്കണം. അപ്പോൾ മാത്രമെ ആ പ്രൊഡക്ട് ഉപയോഗപ്രദമാവുകയുള്ളൂ.

ജീവനുള്ള വസ്തുക്കളുടെ കാര്യമാണെങ്കിൽ അവയ്ക്ക് സ്വയം എങ്ങനെ മുന്നോട്ട് പോകണമെന്ന അറിവാണ് ഉണ്ടാകേണ്ടത്. ദൃശ്യപ്രപഞ്ചത്തിലെ ഏതൊരു ജീവിയെ പരിശോധിച്ചാലും അത്തരമൊരു കോഡിംഗ് മനോഹരവും അത്ഭുതകരവുമായി അവയിൽ അടങ്ങിയിട്ടുണ്ടെന്ന് കാണാനാകും. ആരാണ് അതിസൂക്ഷ്മ ജീവിയായ അമീബ മുതൽ നീലത്തിമിംഗലം വരെയുള്ള ജീവികൾക്കെല്ലാം ഇത്തരമൊരു മാർഗദർശനം നൽകിയത്? ഇസ്‌ലാം നൽകുന്ന ഉത്തരം സ്രഷ്ടാവായ അല്ലാഹു എന്നതാണ്.

വെറുതെ പറഞ്ഞുപോവുകയല്ല; ഈച്ച മുതൽ ഒട്ടകം വരെയുള്ള വിവിധ ജീവികൾക്ക് നൽകപ്പെട്ടിട്ടുള്ള ചില ജീവിത പ്രത്യേകതകളെ സൂചിപ്പിച്ചുകൊണ്ടാണ് ഖുർആൻ ഈ ദൈവിക മാർഗദർശനത്തെ മനസ്സിലാക്കിത്തരാൻ ശ്രമിക്കുന്നത്. ഭൂമുഖത്തെ മനുഷ്യനൊഴികെയുള്ള സകല ജീവികളും ഈ ദൈവിക കൽപനക്ക് കീഴൊതുങ്ങി നിൽക്കുന്നവയാണെന്നും ഖുർആൻ പറയുന്നു.

എന്നാൽ മനുഷ്യന് അത്തരമൊരു മാർഗദർശനം ലഭിച്ചിട്ടില്ലേ? മനുഷ്യൻ അല്ലാഹു സൃഷ്ടിച്ചതിൽ സവിശേഷമായ ഒരു ജീവിയാണ്. വിശേഷബുദ്ധി നൽകപ്പെട്ടിരിക്കുന്നു എന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ പ്രത്യേകത. ഭൂമുഖത്തെ മറ്റെല്ലാ വസ്തുക്കളെയും നിശ്ചിത അളവിൽ നിയന്ത്രിക്കാനും ഒരുവേള ആധിപത്യം സ്ഥാപിക്കാനും സാധ്യമായ സൃഷ്ടി! ഈ മനുഷ്യൻ മറ്റുജീവി വർഗങ്ങളിൽനിന്ന് വിഭിന്നമായി; നടക്കാനും സംസാരിക്കാനും പ്രവൃത്തികൾ ചെയ്യാനും ഘട്ടംഘട്ടമായി പഠിച്ചെടുക്കുകയാണ് ചെയ്യുന്നത് അതിനാവശ്യമായ ഘടകങ്ങൾ ദൈവം അവന്ന് ചുറ്റും സംവിധാനിച്ചിരിക്കുന്നു.

പിന്നെയും ഒരു ദൈവിക മാർഗദർശനത്തിന്റെ ആവശ്യം മനുഷ്യനുണ്ടോ? തീർച്ചയായും ഉണ്ട്! ശാസ്ത്രവും ലോകവും എത്ര പുരോഗമിച്ചാലും ശരിയും തെറ്റും, ധർമവും അധർമവും, സത്യവും അസത്യവും, നന്മയും തിന്മയും തിരിച്ചറിയാൻ മനുഷ്യന്റെ നിരീക്ഷണ പരീക്ഷണങ്ങൾക്കോ ഭൗതിക മാപിനികൾക്കോ ആത്യന്തികമായി കഴിയില്ല എന്നത് ചരിത്രവും വർത്തമാനകാലവും തെളിയിച്ച കാര്യമാണ്.

അപ്പോൾ ഒരു വഴിനടത്തൽ മനുഷ്യനാവശ്യമാണ്. അവനെ സൃഷ്ടിച്ച, സംരക്ഷിക്കുന്ന, ജീവിതം മനോഹരമാക്കാൻ ഈ ഭൂമുഖത്തെ സജ്ജമാക്കിയ, പ്രപഞ്ചനാഥൻ കാലാകാലങ്ങളിൽ പ്രവാചകൻമാരെ നിയോഗിച്ച് ആ വഴികളേതെന്ന് മനുഷ്യനെ പഠിപ്പിക്കുന്നു. ഇതാണ് മതം. ഇതാണ് ദൈവിക മാർഗദർശനം.

അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ്വ) മുമ്പു കടന്നുവന്ന എല്ലാ പ്രവാചകന്മാരുടെയും തുടർച്ചയും അവരിലെ അവസാനത്തെ കണ്ണിയുമാണ്. പുതിയ ഒരു മതമല്ല ഇസ്‌ലാം. എല്ലാ പ്രവാചകൻമാരും പഠിപ്പിച്ച മതം തന്നെയാണത്. എന്നാൽ പ്രവാചകന്മാർക്കു ശേഷം ജനങ്ങൾ വഴിതെറ്റി. വ്യത്യസ്ത പേരുകളിലുള്ള മതവിഭാഗങ്ങളായി മാറി. എല്ലാവരെയും തെറ്റിപ്പോയ വഴികളിൽനിന്ന് തിരികെ വിളിച്ച് സ്വർഗ വഴിയിൽ ഒരുമിച്ച് നടത്തുകയാണ് ഇസ്‌ലാം ചെയ്യുന്നത്. അതാണ് ഈ പ്രാർഥനയുടെ പൊരുളും.



ലേഖനം

# അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ


ശമീർ മദീനി
: 9048221212


സത്യസന്ധത, വാക്കുപാലനം തുടങ്ങിയ കാര്യങ്ങൾ നല്ല ഗുണങ്ങളായി ആളുകൾ കാണുന്നു. വാക്കിനു വ്യവസ്ഥയുള്ളവരെ സമൂഹം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ വിശേഷണങ്ങളിൽ പെട്ട ഒന്നാണ് ഏറ്റവും നല്ല രൂപത്തിൽ സംസാരിക്കുന്നു, ഏറ്റവും നല്ല രൂപത്തിൽ അവൻ വാക്കുകൾ പാലിക്കുന്നു എന്നത്. അല്ലാഹു പറയുന്നു: "മനുഷ്യരേ, തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു..." (ക്വുർആൻ 35:10).

"അല്ലാഹു-അവനല്ലാതെ യാതൊരു ദൈവവുമില്ല. ഉയിർത്തെഴുന്നേൽപിന്റെ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യും. അതിൽ സംശയമേ ഇല്ല. അല്ലാഹുവെക്കാൾ സത്യസന്ധമായി വിവരം നൽകുന്നവൻ ആരുണ്ട്?" (ക്വുർആൻ 4:87).

"...അല്ലാഹുവിന്റെ സത്യമായ വാഗ്ദാനമാണത്. അല്ലാഹുവേക്കാൾ സത്യസന്ധമായി സംസാരിക്കുന്നവൻ ആരുണ്ട്?" (ക്വുർആൻ 4:122).

അല്ലാഹുവിന്റെ ഇത്തരം വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിക്കുവാനും ആത്മാർഥമായി അതിൽ പ്രതീക്ഷയോടുകൂടി നിലകൊള്ളുവാനും നമുക്ക് ആവുന്നുണ്ടോ എന്ന് നാം പരിശോധിക്കേണ്ടതുണ്ട്. ആവലാതികളും സങ്കടങ്ങളും ബോധിപ്പിക്കാൻ, നമ്മുടെ ആവശ്യങ്ങൾ പറയാൻ, അല്ലാഹുവല്ലാതെ മറ്റാരുണ്ട്? അല്ലാഹു പറഞ്ഞു:

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (40:60).

എന്ത് ആവശ്യങ്ങളും വിഷമങ്ങളും പ്രയാസങ്ങളുമുണ്ടെങ്കിലും പടച്ച റബ്ബിനോട് പ്രാർഥിക്കുവാൻ- പ്രത്യേകിച്ച് പ്രാർഥനക്ക് കൂടുതൽ ഉത്തരംകിട്ടുന്ന അവസരങ്ങളിൽ- നബി(സ)യും സ്വഹാബത്തും സലഫുസ്സ്വാലിഹുകളും ശ്രദ്ധിച്ചിരുന്നു. അതിന് നമുക്ക് ആകുന്നുണ്ടോ എന്നു നമ്മൾ ആലോചിക്കണം.

രാത്രിയുടെ അന്ത്യയാമങ്ങളിൽ തഹജ്ജുദ് നമസ്കാരം നിർവഹിച്ച് അല്ലാഹുവിനോട് ആത്മാർഥമായി തേടുവാൻ നമുക്ക് സാധിക്കണം. അതിന് ഉത്തരം ലഭിക്കുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

പള്ളിയിലേക്ക് നമസ്കാരത്തിനായി നടന്നു പോകുന്ന ആളുകൾക്ക് പരലോകത്ത് ഇരുട്ടിൽ ഒരു പ്രകാശമായി ആ നമസ്കാരവും ആ പോക്കും മാറും എന്ന് നബി(സ) അറിയിച്ചിട്ടുണ്ട്. വിശ്വസ്തരും സത്യസന്ധരുമായ കച്ചവടക്കാർക്ക് അല്ലാഹുവിന്റെ അടുക്കലുള്ള സ്ഥാനവും മഹത്ത്വവും അവർക്ക് പരലോകത്ത് കിട്ടാനിരിക്കുന്ന വിജയവും പദവിയുമെല്ലാം അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ പെടുന്നു. അല്ലാഹുവിന്റെയും നബി(സ)യുടെയും വിധിവിലക്കുകൾ അനുസരിച്ച് സൂക്ഷ്മതയുള്ളവരായി ജീവിച്ചാൽ ജീവിതത്തിലുണ്ടാകുന്ന ആശ്വാസവും നിർവൃതിയും അല്ലാഹു വിശ്വാസികൾക്ക് നൽകിയ ഒരു വാഗ് ദാനമാണ്. "അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്നപക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്..." (65:2,3).

വാഗ്ദാനം ലംഘിക്കാത്തവനാണ് അല്ലാഹു. അതിൽ വിശ്വാസമർപ്പിച്ച് ജീവിക്കുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.



‘ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അവൻ നല്ലതു പറയട്ടെ, അല്ലെങ്കിൽ അവൻ മൗനം പാലിക്കട്ടെ’
-നബി(സ്വ)

# നാവിനെ സൂക്ഷിക്കുക

**മുജാഹിദ് ബാലുശ്ശേരി**

അല്ലാഹു മനുഷ്യന് നൽകിയ ചില അനുഗ്രഹങ്ങൾ എടുത്തു പറയവെ അല്ലാഹു പറയുന്നു: “ഒരു നാവും രണ്ടു ചുണ്ടുകളും” (90:9).

മനുഷ്യശരീരത്തിലെ എല്ലില്ലാത്ത രണ്ട് അവയവങ്ങളിൽ ഒന്നാണ് നാവ്. നരകവും സ്വർഗവും നേടിയെടുക്കുന്നതിൽ ഏറ്റവും പ്രധാനമായ പങ്ക് വഹിക്കുന്ന ഒരവയവം കൂടിയാണത്. മാനവ ചരിത്രത്തിൽ എത്രയോ വർഗീയ കലാപങ്ങൾക്കും കുടുംബ ശൈഥില്യങ്ങൾക്കും വ്യക്തിബന്ധങ്ങൾ നശിപ്പിക്കുന്നതിനും മുഖ്യ പങ്ക് വഹിച്ചിട്ടുള്ള ഒന്നാണ് നാവ്. അതുകൊണ്ട് മനുഷ്യൻ ഏറ്റവും ശ്രദ്ധിച്ച് ഉപയോഗിക്കേണ്ട ഒരവയവമാണത്. വല്ലതും പറയും മുമ്പ് ഞാനെന്താണ് പറയുന്നത് എന്നും ഈ വർത്തമാനം കൊണ്ട് ലോകത്തിന് നന്മയാണോ തിന്മയാണോ ഉണ്ടാവുക എന്നും വളരെ ഗൗരവമായി ഒരു വിശ്വാസി ആലോചിക്കേണ്ടതുണ്ട്.

‘ഏ മനുഷ്യാ, ഇരുതല മൂർച്ചയുള്ള കാളസർപ്പത്തെ പോലെയാണ് നിന്റെ നാവ്, അതിനാൽ അത് ചലിപ്പിക്കുന്നേടത്ത് നീ സൂക്ഷിക്കണം’ എന്ന കവിവാക്യം വളരെ പ്രസക്തമാണ്.

അല്ലാഹു പറയുന്നു: “നീ എന്റെ ദാസൻമാരോട് പറയുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്. തീർച്ചയായും പിശാച് അവർക്കിടയിൽ (കുഴപ്പം) ഇളക്കിവിടുന്നു. തീർച്ചയായും പിശാച് മനുഷ്യന്ന് പ്രത്യക്ഷ ശത്രുവാകുന്നു” (ക്വുർആൻ 17:53).

‘നബിയേ, വിജയം എന്നു പറഞ്ഞാൽ എന്താണ്’ എന്ന അനുചരന്റെ ചോദ്യത്തിന് പ്രവാചകൻ(സ്വ) നാവിൽ പിടിച്ചുകൊണ്ട് ഇങ്ങനെ മൊഴിഞ്ഞുവത്രെ:... ‘നാവിനെ കെട്ടിയിടലാണ് വിജയം.’

നാവിനെ സൂക്ഷിച്ച് ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം ഈ തിരുമൊഴി നമ്മെ ബോധ്യപ്പെടുത്തുന്നു.

‘ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അവൻ നല്ലതു പറയട്ടെ, അല്ലെങ്കിൽ അവൻ മൗനം പാലിക്കട്ടെ’ എന്നും നബി(സ്വ) പറഞ്ഞതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

നമ്മൾ ഒരു ദിവസം ആരോടൊക്കെയാണ് സംസാരിക്കുന്നത്? മാതാപിതാക്കളോട്, ഇണകളോട്, മക്കളോട്, കുടുംബക്കാരോട്, അയൽക്കാരോട്, പണിക്കാരോട്, സഹപ്രവർത്തകരോട്... ഇങ്ങനെ സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരുമായി നമുക്ക് സംസാരിക്കേണ്ടിവരും. എല്ലാവരോടും ഒരുപോലെയല്ല നാം സംസാരിക്കുക. എന്നാൽ ഇസ്‌ലാമികമായ മര്യാദ ആരോടു സംസാരിക്കുമ്പോഴും പാലിക്കേണ്ടതുണ്ട്.

നമ്മുടെ വാക്കുകൾ അല്ലാഹു ഏർപ്പെടുത്തിയ മലക്കുകൾ എഴുതി രേഖപ്പെടുത്തുന്നുണ്ടെന്നും അത് നാളെ മഹ്ശറയിൽ നമുക്ക് ഒന്നുകിൽ സ്വർഗമോ അല്ലെങ്കിൽ നരകമോ നേടിത്തരുമെന്നും നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഗൗരവമുള്ളതാണ് ഈ വിഷയം. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടിവരില്ല.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 SEPTEMBER 24

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

# പുറത്തിറങ്ങി...

60 രൂപയുടെ കൃതി ഇപ്പോൾ പകുതി വിലക്ക്

- അടിസ്ഥാനം കാഴ്ച തന്നെ!
- കണക്കിനെ അവലംബിക്കാമോ?
- എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
- സൗദിയെ അടിസ്ഥാനമാക്കാമോ?

കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478

